ANNUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കോബ്യൻ

2011, SEPTEMBER

YAKKOOBYAN MONTHLY



പ. പാത്രിയർക്കീസ് ബാവക്ക് ആശംസകൾ

## വാർത്തകൾ

### ക്രിസ്ത്യൻ എഡിറ്റേഴ്സ് ആന്റ് റൈറ്റേഴ്സ് സൊസൈറ്റി സമ്മേളിച്ചു



കോട്ടയം: ക്രിസ്ത്യൻ എഡിറ്റേഴ്സ് ആന്റ് റൈറ്റേഴ്സ് സൊസൈറ്റിയുടെ ജനറൽ ബോഡിയോഗം കോട്ടയത്ത് സി.എസ്.ഐ. ബിഷപ്പ് ഹൗസിൽ കൂടി. ബിഷപ്പ് മോസ്റ്റ് റവ. തോമസ് കെ. ഉമ്മൻ ഉദ്ഘാടനം ചെയ്തു. വൈരുദ്ധ്യങ്ങളിലും യോജിച്ചുപ്രവർത്തിക്കാൻ സഭകൾക്കും സഭകളുടെ നേതൃത്വത്തിലുള്ള പ്രസിദ്ധീകരണങ്ങൾക്കും കഴിയണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ആധുനിക സാങ്കേതിക വിദ്യകൾ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും പ്രയോജനപ്പെടുത്തണമെന്ന് ആദ്ധ്യക്ഷപ്രസംഗം നടത്തിയ ഫാ. പോൾ തേലേക്കാട് പ്രസ്താവിച്ചു.

ജനശക്തിയാണ് വലുതെന്നും ജനഹിതമാണ് നടപ്പാക്കേണ്ടതെന്നും ഹസാരെയുടെ വിജയം പൗരൻമാരുടെ വിജയമാണെന്നും സഭകളുടെ യോജിച്ച പ്രവർത്തനം സ്വന്തമായ വ്യക്തിത്വം നഷ്ടപ്പെടുത്തികൊണ്ടല്ല മറിച്ച് വ്യക്തിത്വത്തിന്റെ പൂർണ്ണതയിലെത്തികൊണ്ടുള്ള യോജിപ്പായിരിക്കണമെന്നും ദൈവം നമ്മെ ഭരമേല്പിച്ച താലന്ത് പതിന്മടങ്ങ് വർദ്ധിപ്പിക്കാൻ പത്രാധിപന്മാർ ശ്രദ്ധിക്കണമെന്നും അനുഗ്രഹപ്രഭാഷണം നടത്തിയ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു. 'അഴിമതിയും സഭയും' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. തോമസ് മാത്യു മുഖ്യപ്രഭാഷണം നടത്തി. അഴിമതിയുടെ ബീജം എല്ലാ മേഖലയിലും എത്തിയിട്ടുണ്ടെന്നും നീതിനിഷേധവും അന്യരുടെ നീതി കവർന്നെടുക്കലുമാണ് അഴിമതി. ഒരു സിവിൽ സമൂഹത്തിൽ എല്ലാവർക്കും നീതിയും അവകാശവും ഒരുപോലെ ലഭിക്കണമെന്നും ദുഷിച്ചവർ അധികാരം കൈയ്യാളുന്നതാണ്. അഴിമതിക്ക് കാരണം മറ്റുള്ളവന്റെ മേൽ ആധിപത്യം സ്ഥാപിക്കാനുള്ള വ്യഗ്രത അവരുടെ സ്വാതന്ത്ര്യവും അവകാശവും കവർന്നെടുക്കുകയും അഴിമതിയാണ്. എന്റെ ലാഭവും സ്വകാര്യതാല്പര്യവും മനുഷ്യത്വനിഷേധമാണ്. പള്ളി കൊടുക്കാനുള്ള ഇടമാണ്. നഷ്ടപ്പെടുവാൻ കഴിയുന്നവനാണ് മനുഷ്യൻ. പണത്തിന്റെ കരുതിവെക്കൽ ഉപയോഗശൂന്യമാണ്. പ്രസ്ഥാനങ്ങൾ സ്ഥാപനങ്ങളായി തീരുമ്പോൾ അന്തഃസത്ത നഷ്ടപ്പെടുന്നു. മാനുഷിക മൂല്യങ്ങൾ ഉയർത്തിപിടിക്കാനാണ് വിദ്യാഭ്യാസം. ഇംഗ്ലണ്ടിൽ പൊതുവിദ്യാഭ്യാസം ആരംഭിക്കുന്നതിനു മുമ്പ് തിരുവിതാംകൂറിൽ ആരംഭിച്ചു. രാഷ്ട്രത്തിന്റെ ഉള്ളടക്കം ജനങ്ങളാണ്. "ഞാനാണ് രാഷ്ട്രം" എന്നു പ്രഖ്യാപിച്ച ഫ്രാൻസ് രാജാവ് പരാജയപ്പെട്ടു. പണത്തോട് ആർത്തി ഇല്ലാതിരിക്കാൻ പണ്ട് വൈദ്യവും വൈദീകവും പണവും കുടുംബമഹിമയും ഉള്ളവർക്കാണ് നൽകിയിരുന്നത്. അദ്ധ്യാപകരൊഴിച്ച് എല്ലാ ഉദ്യോഗസ്ഥരും കൈക്കൂലി വാങ്ങുന്ന ഒരു സിവിൽ സമൂഹത്തിൽനിന്ന് അഴിമതി എങ്ങനെ ഇല്ലാതാകും അദ്ദേഹം ചോദിച്ചു.

### എട്ടു നോമ്പാചരണം

തുരുത്തിപ്ലി സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളിയിൽ എട്ടുനോമ്പ് വിപുലമായി ആചരിച്ചു. 1 ന് ശ്രേഷ്ഠ ബാവ തിരുമേനിയുടെ കാർമ്മികത്വത്തിലും തുടർ ദിവസങ്ങളിൽ ഏബ്രഹാം മാർ സേവേറിയോസ്, മർക്കോസ് മാർ ക്രിസോസ്റ്റമോസ്, മാത്യൂസ് മാർ അപ്രേം, ഐസക്ക് മാർ ഒസ്ത്താത്തിയോസ്, യാക്കോബ് മാർ അന്തോണിയോസ് ജോസഫ് മാർ ഗ്രിഗോറിയോസ്, കുര്യക്കോസ് മാർ യൗസേബിയോസ് തുടങ്ങിയ മെത്രാപ്പോലീത്തമാർ വി. കുർബാന അർപ്പിച്ചു. എല്ലാ ദിവസവും ധ്യാനവും സുവിശേഷ ഘോഷണമുണ്ടായിരുന്നു. സമാപന ദിവസം ശ്രേഷ്ഠ കാതോലിക്കാബാവ തിരുമേനിയുടെ കാർമ്മികത്വത്തിൽ വി. കുർബാനയും 'വി. സൂനോറോ'വണങ്ങളും എം.ജെ.എസ്.എസ്.എ. അവാർഡ് ദാനവും പ്രദിക്ഷണവും നേർച്ച സദ്യയും ഉണ്ടായിരുന്നു. ഇടവകയുടെ കീഴിൽ സെന്റ് മേരീസ് കോളേജ്, സ്കൂൾ, സ്നേഹഭവൻ, ഇൻഡോർ സ്റ്റേഡിയം ഇവ വിജയകരമായി പ്രവർത്തിക്കുന്നു.

### കാരയ്ക്കാട് സീനായ്കുന്ന് പള്ളിയിൽ എട്ടുനോമ്പാചരണം

സീനായ്കുന്ന് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിലെ എട്ടുനോമ്പ് പത്രോസ് മാർ ഒസ്ത്താത്തിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ ആചരിച്ചു. എല്ലാ ദിവസവും വി. മൂന്നിന്മേൽ കുർബാനയും സുവിശേഷ പ്രഘോഷണവും 7 ന് നഗരം ചുറ്റി റാസയും 8 ന് നേർച്ചവിളമ്പും ഉണ്ടായിരുന്നു.

### ഷെവ. കോശി എം. ജോർജ് എ.എൽ.ഐ. പ്രസിഡന്റ്



തിരുവനന്തപുരം: എബൻ വാന്റ് ലൈഫ് ഇന്ത്യ (എ.എൽ.ഐ.) കേരളാ ചാപ്റ്റർ പ്രസിഡന്റായി ഷെവ. കോശി എം. ജോർജ് തുടർച്ചയായ നാലാം വർഷം ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. തുമ്പ ഐ.എസ്.ആർ.ഒ.യിൽ മെക്കാനിക്കൽ വിഭാഗം ജനറൽ മാനേജരായ ഇദ്ദേഹം സെന്റ് പീറ്റേഴ്സ് യാക്കോബായ സിംഹാസന കത്തീഡ്രൽ അംഗമാണ്.

എഡിറ്റോറിയൽ

# അഴിമതിയും സഭയും

അഴിമതി ഇന്ത്യയുടെ ശാപമായി മാറിക്കഴിഞ്ഞു. ഒരു സംസ്ഥാനത്തിന്റെ വാർഷിക ചെലവിനേക്കാൾ കൂടുതലാണ് അഴിമതിയിലൂടെ രാജ്യത്തിന്റെ ഖജനാവിൽനിന്ന് വർഷംതോറും നഷ്ടമായിക്കൊണ്ടിരിക്കുന്നത്. ഇത് ഭരണകർത്താക്കളും രാഷ്ട്രീയ നേതൃത്വവും അറിയാതെ നടക്കില്ലെന്നുറപ്പ്. പക്ഷേ അഴിമതി ഇവരിൽ മാത്രമായി ഒതുങ്ങുന്നില്ല ജുഡീഷ്യറിയും ഏറ്റവും വലിയ നാണക്കേടിലാണ്. ഇതു പറയുമ്പോൾ സമുദായങ്ങളും സഭയും വിഭിന്നമാണെന്ന് ധരിക്കരുത്. മതവും വിശ്വാസവും ആത്മീയതയും കച്ചവടച്ചരക്കാക്കി ലാഭം കൊയ്യുന്നതിന് മുൻപന്തിയിലല്ലേ? ഇന്ന് യേശുക്രിസ്തു ഉണ്ടായിരുന്നെങ്കിൽ പഴയ ചമ്മട്ടി പൊടിതട്ടി വീണ്ടും എടുക്കുമായിരുന്നില്ലേ? സഭകളുടെ സ്ഥാപനങ്ങളിലെ ജോലിക്കും പ്രവേശനത്തിനുമുള്ള വലിയ കോഴ, കൂദാശകൾക്കും പ്രാർത്ഥനക്കും സുവിശേഷത്തിനും വാങ്ങുന്ന പ്രതിഫലവും കോഴകളും സഭവളർത്താൻ നിർബന്ധവും അല്ലാത്തതുമായ പിരിവുകൾ, നിങ്ങൾ പോകുന്നിടത്ത് ഒന്നിലധികം വസ്ത്രം കരുതെന്നും മടങ്ങുമ്പോൾ കാലിലെ പൊടിപോലും തട്ടിക്കളയണമെന്ന് കല്പിച്ച ക്രിസ്തുവിന്റെ അനുയായികൾ കാട്ടികൂട്ടുന്ന കോപ്രായങ്ങൾ ക്രിസ്തീയ സാക്ഷ്യം നഷ്ടപ്പെടുത്തുന്നില്ലേ. സഭയുടെ മൂല്യവും മാന്യതയും നഷ്ടപ്പെടുത്തുന്നതിൽ മത്സരിക്കുകയാണ് ഓരോരുത്തരും. കാലിത്തൊഴുത്തിൽ കീറ്റുശീലയിൽ കിടന്ന നാഥനെ വീണ്ടും എതിരേൽക്കാൻ റോൾസ് റോയിസ് കാറും വലിയ കൊട്ടാരവും സ്വർണ്ണമാലയും സ്വാദിഷ്ഠമായ മേശയും വിലയേറിയ സമ്മാനങ്ങളുമായി കാത്തിരിക്കയാണ് സഭകൾ. അനാഥനേയും വിധവയേയും രോഗിയേയും അടിമയേയും പാപിയേയും നിർദ്ധനനേയും തേടി അലഞ്ഞ കർത്താവിന്റെ പിൻഗാമികളുടെ ദൃഷ്ടിയിൽ ഇന്ന് ഈ പാർശ്വവത്കരിക്കപ്പെട്ടവരില്ല. ദരിദ്രരോടു സുവിശേഷം അറിയിക്കാൻ വന്ന ക്രിസ്തുവിന്റെ പിൻഗാമികൾ ധനികരേയും ഉന്നതരേയും തേടി നടക്കുന്നു. ഇവിടെ സ്നേഹത്തിനും കരുണക്കും എന്തു പ്രസക്തി? ആഗോളവത്കരണവും കമ്പോളവത്കരണവും ആർഭാടവും, ഉപഭോഗ സംസ്കാരവും സഭയിലും സ്വാധീനം ചെലുത്തിയിരിക്കുന്നു. സഭ കച്ചവട കേന്ദ്രീകൃതമാകുമ്പോൾ ലക്ഷ്യത്തിൽ നിന്നകലുകയാണ്.

ഇവിടെ ഒരു രക്ഷയും ഇല്ലാത്തത് ഇല്ലാത്തതും ഉണ്ടെന്നു നടിച്ച് കടം വാങ്ങിയും അയൽക്കാരനൊപ്പമെത്താൻ പെടാപാടുപെടുന്ന ഇടത്തരക്കാരനും സാധാരണക്കാരനുമാണ്. ഈ മദ്ധ്യവർഗ്ഗത്തിനു വൻ കോഴയും ഉന്നത ഫീസും കൊടുത്ത് സഭാസ്ഥാപനങ്ങളിൽ പഠിക്കാൻ ബാങ്കിനെ ആശ്രയിക്കണം. രോഗിയായിപ്പോയാൽ ചികിത്സക്ക് സഭയുടെ ആതുരാശുപത്രിയിൽ എത്തി തിരികെ പോരണമെങ്കിൽ പലിശക്ക് കടം എടുക്കുകയോ വീട് പണയം വെക്കുകയോ വേണം. ഭരണഘടനയിലെ ന്യൂനപക്ഷാവകാശം കച്ചവടത്തിനല്ല നിലനില്പിനു വേണ്ടി നൽകിയതാണ്. ഭൂരിപക്ഷത്തിൽനിന്നുള്ള സംരക്ഷണത്തിന്. ഭരണരംഗത്തും ജുഡീഷ്യറിയിലും ഇതു തന്നെയാണ് സാധാരണക്കാരന്റെ അവസ്ഥ. ഭരണഘടനാ സ്ഥാപനങ്ങൾ തങ്ങളുടെ കടമ സത്യസന്ധമായി നിറവേറ്റണം. പാവപ്പെട്ടവനെ നിയമം ഒന്നും ചെയ്യാറില്ല. പണക്കാരനു നിയമം അവരുടെ കൈക്കുള്ളിലും. മാനവും മര്യാദയും കൈവിടാതെ കഷ്ടിച്ച് അദ്ധ്വാനിച്ച് ജീവിക്കുന്ന ഇടത്തരക്കാരനു മുൻ വിഭാഗങ്ങളേക്കാൾ അഭിമാനം കൂടുതലായതിനാലും സ്വാധീനവും പണവും കുറവായതിനാലും നിയമത്തിന്റെ തലനാരിഴയും അന്യായങ്ങളുടെ കരാളഹസ്തങ്ങളും ബാധകമാകുന്നു. നിയമം ഈ മദ്ധ്യവർഗ്ഗത്തിൽ മാത്രം ഒതുങ്ങുന്നു.

ഇവിടെയാണ് ജനകീയ സമരങ്ങളുടേയും ജനശബ്ദത്തിന്റേയും പ്രസക്തി. മാഹാത്മജിയുടേയും ഹസാരുടേയും പിന്നിൽ ഇക്കൂട്ടർ അണിനിരക്കാനും കാര്യമിതാണ്. ജീവിത വിശുദ്ധിയും വിശ്വസിക്കാവുന്നവരും നിസ്വാർത്ഥവുമായ ജനനായകരുടെ പിന്നിൽ നിഷ്ക്കളങ്കരായ ജനം ഒത്തുചേരും. നീതിക്കുവേണ്ടി വിശുന്നു ദാഹിക്കുന്നവരാണവർ. ക്രിസ്തുവിന്റെ പിന്നാലെ കൂടിയ ജനവും നീതിക്കുവേണ്ടി വിശന്നവരും അന്യായം അടിച്ചേല്പിച്ചവരും ഭരണവർഗ്ഗത്തിൽ നിന്നും മതമേധാവികളിൽനിന്നും നന്മ അനുഭവിക്കാത്തവരും അകറ്റിനിർത്തപ്പെട്ടവരുമായിരുന്നു. നീതിക്കായി വിശന്നു ദാഹിക്കുന്നവർക്കായി ആധുനിക സഭ നിന്നുട്ടുള്ളതായി എങ്ങും കണ്ടിട്ടില്ല. എന്നാൽ ലാഭം കൊയ്യാൻ നേട്ടത്തിനുമായി സഭയും രാഷ്ട്രീയവും യോജിക്കുന്നു. അതിനു വിഘ്നം ഉണ്ടാകുമ്പോൾ എതിർപ്പുകളായി. അതിനായി ജനത്തെ ഇളക്കിവിടാനും ശ്രമം നടക്കും. സഭയുടേയും സമൂഹത്തിന്റേയും ലക്ഷ്യം അന്യരുടെ നന്മയേക്കാൾ അണികളുടെ ഉയർച്ചയേക്കാൾ സമ്പത്തും സുഖവും കയ്യാളുകയെന്നതായി മാറിക്കഴിഞ്ഞു. ഇക്കാലയളവിലാണ് ഒട്ടകരോമംക്കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ആദിവാസിയുടെ കാട്ടുതേനും വെട്ടുക്കിളിയും ഭക്ഷണമാക്കിയ യോഹന്നാൻ സ്നാപകന്റെ പ്രസക്തി. അങ്ങനെയുള്ളവരുടെ മുന്നിലാണ് ജനം തങ്ങളുടെ പാപഭാരം ഇറക്കിവെക്കുവാൻ വിശ്വാസംപൂണ്ട് ഓടിയെത്തുന്നത്. ഹസാരെയുടെ ജീവിതമാണ് 110 കോടി ജനങ്ങളിൽനിന്ന് അദ്ദേഹത്തെ വ്യത്യസ്തനാക്കിയതും ജനം അദ്ദേഹത്തിനു ചുറ്റും കൂട്ടംകൂടിയതും. രാഷ്ട്രീയക്കാർക്കെതിരെ ശബ്ദിക്കുന്നവർ അരാഷ്ട്രീയരും മതനേതാക്കൾക്കെതിരെ ശബ്ദം ഉയർത്തുന്നവർ മതനിന്ദരും സമുദായ വിരുദ്ധരുമായി മാറും. പക്ഷേ എന്തുകൊണ്ട് ജനത്തിന് ഇവരെ എതിർക്കേണ്ടി വന്നു എന്നു ചിന്തിക്കാൻ അവസരം സൃഷ്ടിക്കുന്നില്ല. രാഷ്ട്രീയക്കാരുടെ ചെയ്തികളാണ് അരാഷ്ട്രീയക്കാർ വളരാൻ ഇടയാകുന്നത്. മതനേതാക്കളുടെ ചെയ്തികളാണ് മതവിരുദ്ധരെ സൃഷ്ടിക്കുന്നത്. തങ്കുവിന്റേയും ദേവസ്യാ സാറിന്റേയും ഒക്കെ പ്രസക്തി നഷ്ടപ്പെടാൻ കാരണം രോഗശാന്തിയും പ്രസംഗവും പണമുണ്ടാക്കാനുള്ള ഉപാധികൾ മാത്രമാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. അതുവരെ പൊയ്കാലിൽ കെട്ടിപ്പൊക്കിയ ആത്മീയ ഗോപുരങ്ങളും പ്രഹസനങ്ങളും ഒടിഞ്ഞു താഴെ വീണു. സായിബാബയെ ദൈവമായി ആരാധിച്ച ആരാധകരുടെ സ്ഥിതി നാം കണ്ടുകഴിഞ്ഞു. ദൈവം അസ്തമിക്കുകയും സ്വത്തിനുവേണ്ടി തർക്കങ്ങൾ ഉടലെടുക്കുകയും ചെയ്തു. തങ്കുവിനും യോഹന്നാനും വറുഗീസിനും ദേവസ്യക്കും ആ പ്രശ്നമില്ല കാരണം അവർ ഏകരാണ്. അവർക്കുശേഷം എല്ലാം കുടുംബത്തിനു ചെല്ലും.

ആയതുകൊണ്ട് അബ്രഹാം നമുക്ക് പിതാവായിട്ടുണ്ട് എന്ന് ഉള്ളുകൊണ്ട് അഭിമാനിക്കാതെ ഉള്ളവൻ ഇല്ലാത്തവനു കൊടുക്കണം ചതിയായോ കോഴയായോ വാങ്ങാതെ നിങ്ങളുടെ ശമ്പളം മതി എന്നു വയ്ക്കണം. വിശന്നിരുക്കുന്നവർക്ക് അപ്പം കൊടുക്കുവാനും ബദ്ധന്മാർക്ക് വിടുതലും കുരുടനും കാഴ്ചയുമാകാൻ പീഢിതർക്ക് വിടുതൽ ലഭിപ്പാൻ ദരിദ്രനെയും അംഗീകരിപ്പാൻ വിധവയെപ്പോറ്റി പുലർത്താൻ സഭക്കു കഴിയണം. ദന്തഗോപുരങ്ങളിൽനിന്ന് മരുഭൂമിയിലേക്കും കൊട്ടാരത്തിൽനിന്ന് പശുതൊട്ടിയിലേക്കും നേതൃത്വം ഇറങ്ങി

വരേണം. പാവപ്പെട്ടവനു കൂടുതൽ നന്മ നൽകുന്ന, നീതി എല്ലാവർക്കും ഒരുപോലെ ലഭ്യമാകുന്ന രാഷ്ട്രീയ-മത നേതൃത്വം ഉണ്ടാകണം. അപ്പോൾ കുരുടനു കാഴ്ച ലഭിക്കും മുടന്തൻ നടക്കും. പക്ഷപാതക്കാരൻ എഴുന്നേറ്റു നടക്കും വിധവയുടെ എണ്ണ തീരുകയുമില്ല. സഭ വാങ്ങുവാനല്ല കൊടുക്കുവാനുള്ള ഉപാധിയായി മാറട്ടെ. ജനത്തോടുള്ള ഉത്തരവാദിത്വം പ്രവർത്തനങ്ങളിലെ സുതാര്യത, നിയമം നടപ്പാക്കുന്നതിലെ നീതി, സാമൂഹ്യപ്രതിബദ്ധത, സത്യസന്ധത, ജനത്തോടു കണക്കു പറയേണ്ടവരാണെന്നുള്ള അവബോധം ഇവ ഏതൊരു നേതൃത്വത്തിനും കൂടിയേ കഴിയൂ. അല്ലാത്തിടത്താണ് ഭരണവിരുദ്ധ വികാരങ്ങൾ ഉടലെടുക്കുന്നത്.

ഭരണഘടനയിലെ ന്യൂനപക്ഷാവകാശം ന്യൂനപക്ഷങ്ങളുടെ അവകാശമായി കാണാതെ രാജ്യത്തിന്റെ ഔദാര്യമായി കാണാനുള്ള സൗമനസ്യം ഉണ്ടാകുകയും ആ ഭരണഘടനാവാകാശം ഭരണം കൈയ്യാളുന്നവരുടേയോ അടുപ്പക്കാരുടേതോ ആക്കാതെ ആ വൃത്തത്തിനു വെളിയിലുള്ള ശേഷിയും സ്വാധീനവുമില്ലാത്തവർക്കുവേണ്ടി കൂടിയുള്ളതാണെന്ന് സുബോധം നേതൃത്വത്തിൽ രൂപപ്പെടണം. ഒരു വിഭാഗത്തിനുവേണ്ടി നിയമം ശീതികരിക്കപ്പെടുകയും അർഹതപ്പെട്ടവർക്കു നീതി നിഷേധിക്കപ്പെടുകയും ചെയ്യുമ്പോൾ അപസ്വരങ്ങളും പ്രതിഷേധങ്ങളും ഉടലെടുക്കും അത് ഒരു ദിനം കൊണ്ടല്ല വ്യക്തികളിൽ നിന്ന് വ്യക്തികളിലേക്ക് ചെറുസമൂഹത്തിൽനിന്ന് വലിയ സമൂഹത്തിലേക്ക് ഒടുവിൽ അഗ്നിയായി ആളിപടർന്ന് സർവ്വനാശമായി മാറാതിരിക്കാൻ ബുദ്ധിയുള്ള നേതൃത്വമാണ് ആവശ്യം.

വി. കുർബാനയിൽ പ്രാർത്ഥിക്കും കർത്താവേ ധനികനെ അവിടുന്നു കാത്തുകൊള്ളേണമേ, ദരിദ്രനെ അവിടുന്നു സംരക്ഷിച്ച് പൊറ്റിപുലർത്തണമേയെന്ന്. ധനികനിൽ നിന്നു വാങ്ങി ദരിദ്രനു കൊടുക്കാനും അവരെ പരിരക്ഷിക്കാനും ഉയർത്താനും സഭക്ക് കഴിയണം. ഇത് ഡോ. ഗീവറുഗീസ് മാർ ഒസ്ത്താത്തിയോസ് മാത്രമാണ് ചെയ്യുന്നത്. ധനം പാപമാണെന്നും കൂട്ടിവെക്കുന്നത് ശാപമാണെന്നും പഠിപ്പിച്ച് അവരിൽനിന്ന് സംഭരിച്ച് ദരിദ്രരെ സംരക്ഷിക്കാനു സഹായിക്കുന്നു. സുതാര്യമായ കണക്കും പ്രസിദ്ധപ്പെടുത്തി എല്ലാവർക്കും നൽകുന്നു.

ന്യൂനപക്ഷങ്ങൾക്ക് ആലുവാ യു.സി. കോളേജ് വെല്ലൂർ മെഡിക്കൽ കോളേജ് പോലുള്ള എക്യുമെനിക്കൽ സ്ഥാപനങ്ങളാണ് ആവശ്യം. ന്യൂനപക്ഷാവകാശം സംരക്ഷിച്ചുകൊണ്ട് പൂർണ്ണമായ മെറിറ്റും ഒപ്പം കരുണയും അവിടെ പുലരണം. വിഭാഗീയത മാറി ഒരുമ ഉണ്ടാകുകയും ചെയ്യും. ഗവണ്മെന്റും സ്ഥാപനങ്ങളും ഭരണവ്യവസ്ഥകളും എല്ലാം ജനങ്ങൾക്കുവേണ്ടി ജനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതാണ്. ജനങ്ങളേക്കാൾ വലുതല്ല അത്. അച്ചടക്കത്തിനും വളർച്ചക്കും ഭരണഘടനാസ്ഥാപനങ്ങൾ അനിവാര്യവുമാണ്. പക്ഷേ ജനങ്ങളെ അടിച്ചമർത്താനും നീതി നിഷേധിക്കപ്പെടുമ്പോൾ അടക്കിയിരുത്താനുള്ള ആയുധവുമായി ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും ജുഡീഷറിയും മാറരുത്. നീതിയും നിയമവ്യവസ്ഥകളും നിഷേധിക്കപ്പെടുന്ന ന്യൂനപക്ഷങ്ങൾക്ക് അഭയകേന്ദ്രവും ഒടുവിലത്തെ അത്താണിയുമായ ജുഡീഷറി അഴിമതിയിൽ മുങ്ങിത്താഴുന്നത് ഭൂഷണവുമല്ല. പണം സഹപ്രവർത്തകരുടെ ശുപാർശ, ഉയർച്ചക്കും നിലനില്പിനും മേലധികാരികളുടേയും പരിലാളന, സ്നേഹിതരുടേയും സ്വസമുദായത്തിന്റേയും ശുപാർശകളും സീനിയർ അഭിഭാഷകരുടെ സ്വാധീനം പൗരനു നീതി നിഷേധിക്കപ്പെടുവാൻ ഇടയാകരുത്. ഹസാരെമാർ സൃഷ്ടിക്കപ്പെടാതിരിക്കാനാണ് നേതൃത്വം ശ്രമിക്കേണ്ടത്. എല്ലാവർക്കും നന്മയും സമൃദ്ധിയും നീതിയും നിറഞ്ഞ ഓണാശംസകൾ.



**അലക്സാണ്ടർ കാരയ്ക്കാട്**
**എഡിറ്റർ**

## ആരാധനാസ്വാതന്ത്ര്യത്തിനായി യാക്കോബായ വിഭാഗം പ്രാർത്ഥനായജ്ഞം നടത്തുന്നു

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് യാക്കോബായ പള്ളിയിലും ചാപ്പലിലും ആരാധന തടഞ്ഞതിനെത്തുടർന്ന് ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ നേതൃത്വത്തിൽ മെത്രപ്പോലിത്തന്മാരും വൈദികരും വിശ്വാസികളുമടങ്ങുന്ന സംഘം പ്രാർത്ഥനായജ്ഞം നടത്തുന്നു. പള്ളി സംബന്ധിച്ച ഉടമ്പടിയ്ക്കും സ്ഥാപനോദ്ദേശ്യത്തിനും വിരുദ്ധമായി (പള്ളിയും സ്വത്തുക്കളും സമ്പാദിച്ച) പള്ളിയിടവകാംഗങ്ങളുടെ അവകാശാധികാരങ്ങൾ നിഷേധിച്ചുകൊണ്ട് രണ്ടായിരത്തോളം വരുന്ന ഇടവകാംഗങ്ങളിൽ 1700 വരുന്ന കുടുംബാംഗങ്ങളുടെ ആരാധനാസാതന്ത്ര്യം നിഷേധിക്കുകയായിരുന്നു. തുടർന്ന് വിശ്വാസികൾ പ്രാർത്ഥനായജ്ഞത്തിൽ ഏർപ്പെട്ടു. പള്ളിക്കേസിൽ സഭാകോടതി നടത്തിയ സത്യവിരുദ്ധമായ വിധിയെത്തുടർന്നാണ് ഈ സംഭവം. വിധിക്കെതിരെ അപ്പീൽ നൽകിയെങ്കിലും ഫയലിൽ സ്വീകരിച്ച ബഞ്ചിലെ ചീഫ് ജസ്റ്റീസ് സുപ്രീംക്കോടതിയിലേക്ക് പോയതിനാൽ കേസിന്മേൽ നടപടികളൊന്നും ഉണ്ടായില്ല. അതിനെ തുടർന്നാണ് ഓർത്തഡോക്സ് വിഭാഗം ആരാധന തടഞ്ഞത്. ഇത് ഭൂരിപക്ഷം വരുന്ന അവകാശികളായ യാക്കോബായക്കാരെ പ്രകോപിക്കുകയും അവർ പ്രാർത്ഥനായജ്ഞത്തിന് ആരംഭം കുറിക്കുകയും ചെയ്തു. ഹൈക്കോടതി ഇപ്പോൾ ഇരുകൂട്ടരേയും പള്ളിയിൽ കയറുന്നതിൽനിന്നും തടഞ്ഞിരിക്കയാണ്. ഓർത്തഡോക്സ് വിഭാഗം ഉപവാസവും വഴിതടയിലും ഉൾപ്പെടെയുള്ള സമ്മർദ്ദസമരാഭാസങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. വിശ്വാസികൾക്ക് ആരാധനയും അവകാശവും നിഷേധിച്ചുകൊണ്ടു മുന്നോട്ട് പോകാനാകില്ല എന്ന് ശ്രേഷ്ഠ തിരുമനസ്സുകൊണ്ട് കല്പിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രശ്നപരിഹാരത്തിന് ശ്രമം നടന്നുകൊണ്ടിരിക്കുന്നു.



# അമ്മേ നീ ഭാഗ്യവതി!

ഫാ. റോജി മാത്യു പണിക്കവീട്ടിൽ, മീനങ്ങാടി

പരിശുദ്ധ ത്രിത്വത്തിൽ രണ്ടാമനായ പുത്രനായ ദൈവത്തിന് മാതാവായവൾ....

പിതാവിനാൽ തെരഞ്ഞെടുക്കപ്പെട്ടവളും, വചനമായ ദൈവത്തിന്റെ ജഡധാരണത്തിനായി സഹസ്രാബ്ദങ്ങളോളം ദൈവം കാത്തിരുന്ന് കണ്ടെത്തിയവൾ...

ലോകൈകനാഥനായ ദൈവപുത്രനെ ഉദരത്തിൽ വഹിക്കുകയും കർത്താവിന്റെ മനുഷ്യാവതാരകാലമായ മുപ്പത്തിമൂന്നര വർഷം ഭാഗീകമായും തന്നോടൊപ്പം വസിക്കുവാൻ അവസരം ലഭിക്കുകയും ചെയ്ത ഭാഗ്യവതി... സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ... വി. കന്യകമറിയം. ഇസ്ലാം മതഗ്രന്ഥമായ വി. ഖുർആനിൽ വി. മറിയമിനെ മലക്കുകൾ പ്രകീർത്തിക്കുന്നു. ലോകത്തുള്ള സ്ത്രീകളിൽവച്ച് അത്യുൽകൃഷ്ടയാകുന്നു. ഭാഹ്യവതിയാകുന്നു.

വിശുദ്ധരിൽനിന്നു മാത്രമേ വിശുദ്ധർ ജനിക്കുന്നുള്ളൂ... അശുദ്ധനിൽ നിന്നു ജനിച്ച വിശുദ്ധനുണ്ടോ? (ഇയ്യോബ് 14:4) എന്ന തിരുവെഴുത്ത് നാം ഗ്രഹിക്കുന്നതിൽ പ്രകാരം – ദൈവമുൻപാകെ നീതിയുള്ളവരും കുറ്റമറ്റവരുമായ യുവാക്കീം പ്രഭുവിന്റെയും ഹന്നയുടെയും മകളായിട്ടാണ് കന്യകമറിയം ഭൂജാതയായത്.

തന്റെ ഗോത്രപിതാവായ ദാവീദ് രാജാവ് ആചരിച്ചു വന്നതുപോലെയും (സങ്കീ. 119:164) താൻ ദൈവാലയത്തിൽ അനുഷ്ഠിച്ചിരുന്ന പ്രകാരവും മറിയം സ്വഭവനത്തിൽവച്ച് ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ച് സ്തോത്രയാഗം അർപ്പിച്ച് ജീവിതം തുടർന്നുപോന്നു. ദൈവദൂതനിൽ നിന്നും താൻ ശ്രവിച്ച സ്വർഗ്ഗീയ വന്ദനവിലും വാഴ്വുകളിലും മറിയം ഭ്രമിച്ച് ആശ്ചര്യപ്പെട്ടെങ്കിലും, ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ (ലൂ. 30:20) എന്നുള്ള പരിപൂർണ്ണ അനുസരണവും വിനയവും സ്വയസമർപ്പണവും മൂലം അവൾ നമ്മുടെ കർത്താവിന്റെ രക്ഷാകരമായ മനുഷ്യാവതാരത്തിൽ പങ്കാളിയായിത്തീർന്ന മഹാഭാഗ്യവതിയായി വി. മറിയം സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാണെന്നും ഭാഗ്യവതിയാകുന്നുവെന്നും സഹസ്രാബ്ദം മുമ്പേ ശലോമോനിൽ കൂടി പ്രവചിച്ചതിനുപരിയായി (ഉത്തമഗീതി 6:9) രണ്ടാവർത്തിക്കുകയും ചെയ്തു (ലൂ. 1:45–48).

വി. മറിയം പരിശുദ്ധാത്മ പരിപൂർണ്ണയായിരുന്നു. മാലാഖയാൽ അഭിവാന്ദ്യം ചെയ്യപ്പെട്ട ഏക മനുഷ്യവ്യക്തി. മനുഷ്യവർഗ്ഗത്തിനു ലഭിച്ച അടയാളം... അതുകൊണ്ട് കർത്താവ് തന്നെ തങ്ങൾക്ക് ഒരു അടയാളം തരും. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന് ഇമ്മാനുവേൽ എന്ന് പേര് വിളിക്കും (യെശ. 7:14) എന്ന് കർത്താവിന്റെ മനുഷ്യാവതാരത്തിന് ഏകദേശം 700 സംവൽസരങ്ങൾക്ക് മുമ്പേ യെശയ്യാവ് പരിശുദ്ധാത്മാവിൽ പ്രവചിച്ചു. മനുഷ്യോൽപ്പത്തി മുതൽ അമ്മമാരായി തീർന്ന മറ്റെല്ലാ അമ്മമാരുടെയും ഗർഭാലസ്യവും ഈറ്റുനോവും തങ്ങളുടെ സന്തതിക്കുവേണ്ടി മാത്രമായിരിക്കെ... വി. മറിയാമിന്റെ യാതനകളും, കഷ്ടതകളും ആദാം മുതലുള്ള സകല മനുഷ്യർക്കുംവേണ്ടി ആയിരുന്നു. ഇവ അവൾ സഹിച്ചത് സകല മനുഷ്യരുടെയും രക്ഷിതാവായ ക്രിസ്തുവിനെ ലോകത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി ആയിരുന്നു. എന്നാൽ ആധുനിക സഭകൾ വി. മറിയമിന് എതിരെ ഉപയോഗിക്കുന്ന വ്യാഖ്യാനങ്ങളും, പഠിപ്പിക്കലും കർത്തൃത്വത്തെ തുച്ഛീകരിക്കുന്നതും, പരിശുദ്ധാത്മാവിന് എതിരായ പാപവും ആകുന്നു. വി. മറിയമിന്റെ സവിശേഷതകൾ വേദപുസ്തകം സാക്ഷ്യപ്പെടുത്തുമ്പോൾ ആ മഹാ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുവാൻ സാധിക്കണം. കാനാ എന്ന ഗ്രാമത്തിലെ കല്യാണവിരുന്നിൽ യേശുവും അമ്മയും സംബന്ധിച്ചിരുന്നു. വിവാഹ വിശ്വസ്തതയുടെയും, കെട്ടുറപ്പിന്റെയും പ്രതീകമായിരുന്ന വീഞ്ഞ് തീർന്നുപോയപ്പോൾ കണക്കുകൂട്ടലുകൾ തെറ്റി. നിരാലംബനായി തകർന്നുപോയി നിന്ന വീട്ടുടമസ്ഥന്റെ ചങ്കിടിപ്പിന്റെ താളം തെറ്റുന്നതു കാണാൻ കഴിഞ്ഞ ഒരു അമ്മ അവിടെ ഉണ്ടായിരുന്നു. തന്റെ സമയം ഇനിയും സമാഗതമായിട്ടില്ല എന്ന് അറിയാമായിരുന്നിട്ടും ആ പാവപ്പെട്ട മനുഷ്യന്റെ അവശതയിൽ കനിവു കാണിക്കുവാൻ സന്നദ്ധനായ ദൈവപുത്രൻ അവിടെ ഉണ്ടായിരുന്നു. മനുഷ്യന്റെ അവശതയിൽ ദൈവപുത്രന്റെ ഹൃദയം ചലിച്ചു. ഈ ബോധ്യമാണ് ക്രൈസ്തവന്റെ ഏറ്റവും വലിയ കൈമുതൽ. മനുഷ്യന്റെ കണക്കുകൂട്ടലുകൾ തെറ്റിയാലും ദൈവത്തിന്റെ കണക്കുകൂട്ടലുകൾ തെറ്റുകയില്ലെന്ന ഉറച്ച ബോധം ദൈവത്തിന്റെ മുഖത്തേക്കു നോക്കാൻ നമുക്ക് ശക്തി തരും... ആ സ്നേഹത്തിന്റെ മറ്റൊരു അവതാരമായി ദൈവത്തിന്റെ പക്കൽ നമ്മുടെ മാതാവിനെ നമുക്ക് കാണുവാൻ സാധിക്കും. കാനായിലെ കല്യാണവിരുന്നിൽ ആ അമ്മയാണ് തന്റെ ദൈവീക ഹൃദയത്തിലേക്ക് ചൂണ്ടുപലകയായി വർത്തിക്കുന്നത്. ആ ജീവനുള്ള ചൂണ്ടുപലക നമ്മെ ഇന്നും ക്ഷണിക്കുക അങ്ങോട്ടുതന്നെ.

പിന്നെ എന്തിനു നാം നിരാശരായി തീരണം. പ. അമ്മയുടെ സന്നിധിയിൽ, ദൈവത്തിന്റെ വഴിഞ്ഞൊഴുകുന്ന സ്നേഹഭാവത്തിൽ... നമ്മുടെ ജീവിതത്തെ ധന്യമാക്കാം. വീണ്ടും നമ്മുടെ ജീവിതമാകുന്ന പൂപ്പന്തലിൽ ഉദാത്തമായ സന്തോഷം അലയടിക്കട്ടെ. അതിന് ഭാഗ്യവതിയായ പ. അമ്മയുടെ മദ്ധ്യസ്ഥതയും കൃപകടാക്ഷവും നമുക്കുണ്ടാകട്ടെ... ആ മഹാ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കാം. ●

## അറിയിപ്പ്

മാസിക സാമ്പത്തിക ബുദ്ധിമുട്ടിലായതിനാൽ വരിസംഖ്യ അടച്ചും സംഭാവന നല്കിയും പുതുതായി വരിക്കാരായും സഹായിക്കുക... സഹകരിക്കുക...

**ഷെവ. കെ.ജെ. ഏബ്രഹാം കോടിയാട്ട്,**
**സെന്റ് ജോർജ്ജ് സിംഹാസനപള്ളി, തിരുവല്ല**

# പുണ്യങ്ങളുടെ വിളനിലമായ വി. ദൈവമാതാവ്

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**

യാക്കോബായ സഭ ആഗസ്റ്റ് – സെപ്റ്റംബർ മാസങ്ങളിൽ വി. ദൈവമാതാവിന്റെ ശൂനോയോ നോമ്പും, എട്ടു നോമ്പും ആചരിക്കുന്ന കാലയളവാണ്. വിശ്വാസസമൂഹം പരി. മാതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രത്യേകമായി അഭയ യാചന സമർപ്പിക്കുന്ന ഈ മാസങ്ങളിൽ പരി. ദൈവമാതാവിന്റെ മഹത്വത്തെക്കുറിച്ച് അറിയേണ്ടതും പഠിക്കേണ്ടതും സഭാജീവിതത്തിൽ അനിവാര്യമാണ്. വി. മാതാവിന്റെ ശൂനോയോ നോമ്പ് അനുഷ്ഠിക്കാത്തവർ സഭ കല്പിക്കാത്ത എട്ടുനോമ്പ് ആചരിക്കുന്നത് പ്രയോജനരഹിതമാണെന്നുള്ള അപ്രിയസത്യവും അറിഞ്ഞിരിക്കേണ്ടതാണ്.

അതിധന്യമായ ജീവിതത്തിലൂടെ അത്യുദാത്ത മാതൃകാജീവിതത്തിൽ പ്രകാശം നമ്മിൽ ചൊരിഞ്ഞുകൊണ്ട് പരിശുദ്ധ കന്യമ നമ്മെ സമാകർഷിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഫലങ്ങളുടെ കലവറയും ദൈവികപുണ്യങ്ങളുടെ വിളനിലവുമാണ് രക്ഷകന്റെ അമ്മ. ദൈവിക സംസർഗ്ഗത്തിൽ നിരന്തരം നിലനിന്ന് നിർവചനാതീതമായ വിധം നന്മയിൽ നിറഞ്ഞവളാണ് കർത്താവിന്റെ അമ്മ. ദൈവമാതാവിനോടൊപ്പം ഒരാത്മീയ തീർത്ഥാടനം നടത്തുന്നവർ ആ അനുഗ്രഹീത ജീവിതത്തിന്റെ പരിശോഭയാൽ പ്രകാശിതരാകുന്നു. സത്യതുറമുഖത്തെത്തുവാൻ ആ പ്രകാശ ഗോപുരം നമ്മെ വഴി കാണിക്കുന്നു.

**ദൈവിക പുണ്യങ്ങളുടെ വിളനിലം**

ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുകയും അവ നിറവേറുമെന്നുള്ള പ്രത്യാശയോടെ കാത്തിരിക്കുകയും ചെയ്ത ഒരു കന്യകയുടെ മനോഹരചിത്രമാണ് മറിയത്തിൽ ദൃശ്യമാകുന്നത്. മാനവചരിത്രത്തിലേക്ക് മനുഷ്യനായിത്തന്നെ രക്ഷകൻ കടന്നുവരുമെന്ന് പൂർണ്ണമായി വിശ്വസിക്കാത്ത ഒരു സ്ത്രീക്കും മറിയത്തിനേപ്പോലെ ഗബ്രിയേൽ മാലാഖയുടെ ഭൂതിനോട് പ്രതികരിക്കാനാവില്ല. അല്ലെങ്കിൽ സ്വാഭാവികമായി ഉയർന്നുവരാവുന്ന നിരവധി ചോദ്യങ്ങളുണ്ട്. "ഇതെന്തു കാര്യമാണ്"? അത്യുന്നതന്റെ പുത്രനോ? അവനാരാണ്? അവൻ എന്തിനു വരുന്നു? ഇതെല്ലാം എന്റെ മാനസിക വിഭ്രാന്തിയല്ലെ? ഈവിധ ചോദ്യങ്ങളൊന്നും കന്യകമറിയം ഉയർത്തുന്നില്ല. പ്രത്യാശാപൂർവം കാത്തിരുന്ന ഒരു കാര്യം പോലെ, ഭൂതന്റെ ആഗമനത്തേയും സന്ദേശത്തേയും ശരിയായ വിധം മറിയം ഉൾക്കൊള്ളുന്നു.

കന്യകയായ മറിയത്തിന് ഒരേയൊരു സംശയമേ ഉണ്ടായിരുന്നുള്ളൂ; പുരുഷനെ അറിയാത്തവളായ ഒരു കന്യക എങ്ങനെ ഗർഭം ധരിക്കും? വിവാഹവാഗ്ദാനം കഴിഞ്ഞ ഈ കന്യക പുരുഷനെ അറിയുവാൻ ആഗ്രഹിച്ചിരുന്നവളായിരുന്നുവെങ്കിൽ ഈ ചോദ്യം അപ്രസക്തമാകുമായിരുന്നു. കാരണം, വിവാഹജീവിതത്തിൽ പുരുഷനെ അറിയുന്നതിലൂടെ താൻ ഗർഭം ധരിക്കുമെന്ന് അവൾക്കറിയാമായിരുന്നു എന്നുവേണം ഗ്രഹിക്കാൻ. ഒരു പക്ഷേ യാസേഫും മറിയവും ഇങ്ങനെയൊരു ജീവിതത്തിനുള്ള സമ്മതം വിവാഹവാഗ്ദാനത്തിനു മുമ്പു തന്നെ പരസ്പരം കൈമാറിയിരുന്നിരിക്കാം.

കന്യകയിൽ നിന്നാണ് രക്ഷകൻ വരുന്നതെന്ന് മറിയത്തിനറിയാമായിരുന്നു. എന്നാൽ, കന്യകയായിരിക്കെ കന്യകാത്വം നിലനിർത്തികൊണ്ട്, എങ്ങനെ താൻ ഗർഭിണിയാകും? എന്ന ചോദ്യമാണിവിടെ ഉന്നയിച്ചിരിക്കുന്നത്. മനുഷ്യനു ചിന്താശക്തികൊണ്ട് മനസ്സിലാക്കാനാകാത്തതും തന്മൂലം അസാധ്യമായി കരുതാവുന്നതുമായ കാര്യമാണിത്. പരിശുദ്ധാത്മാവിന്റെ ആവാസത്താൽ അതു സംഭവിക്കുമെന്ന് ദൈവദൂതൻ ഉത്തരം നൽകുന്നു. ദൈവത്തിനൊന്നും അസാദ്ധ്യമല്ല എന്നുള്ള സത്യം ഭൂതൻ അനുസ്മരിപ്പിക്കുന്നു.

പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ഏലിശുബ മറിയത്തോടു പറഞ്ഞ വാക്കുകൾ ഓർക്കേണ്ടതാണ്. "കർത്താവ് അരുൾ ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്ക. 1:45). വരാനിരിക്കുന്ന രക്ഷകനെക്കുറിച്ച് – യഹോവയുടെ ദാസനെക്കുറിച്ച് – നൂറ്റാണ്ടുകൾക്ക് മുമ്പ് ഏശയ്യാ പ്രവാചകനിലൂടെ ദൈവം നൽകിയ വാഗ്ദാനങ്ങളെ വിശ്വസിച്ച് പ്രത്യാശയോടെ കാത്തിരുന്നവളായിരുന്നു പരിശുദ്ധ കന്യക. 'സർപ്പത്തിന്റെ തല തകർക്കാൻ സ്ത്രീയിൽ നിന്നു ജനിക്കാനിരുന്നവനിൽ' (ഉല്പ. 3:15) പ്രത്യാശവച്ചിരുന്ന സ്ത്രീയായിരുന്നതുകൊണ്ടാണ് ഭൂതന്റെ സന്ദേശത്തിൽ മറിയത്തിന് സന്ദേഹമില്ലാതിരുന്നതും അതിന് വ്യാഖ്യാനം ആവശ്യപ്പെടാതിരുന്നതും.

പരിശുദ്ധ മറിയത്തിന്റെ ജീവിതം തന്നെ പ്രത്യാശാരിതമായ തീർത്ഥാടനചരിത്രമാണ്. ഭർത്താവിൽ നിന്നല്ലാതെ ഗർഭണിയാവാൻ, വിവാഹവാഗ്ദാനം കഴിഞ്ഞ ഈ കന്യക ദൈവത്തിനു സമ്മതം നല്കുന്നത് ദൈവം എല്ലാം നടത്തുമെന്നുള്ള ഏക പ്രത്യാശയിലാണ്. പൂർണ്ണഗർഭിണിയായിരിക്കുമ്പോൾ സ്വഭർത്താവിനോടൊത്ത് ഗലീലിയിലെ നസ്രേത്തിൽനിന്ന് യൂദയായിലെ ബത്‌ലഹേം വരെയുള്ള ക്ലേശകരമായ യാത്രയ്ക്ക് പരാതിയില്ലാതെ മറിയത്തെ സന്നദ്ധയാക്കുന്നത് ഈ പ്രത്യാശയാണ്. കാലിത്തൊഴുത്തു മാത്രമേ പ്രസവത്തിനു ലഭിക്കുയുള്ളൂ എന്നറിയുമ്പോഴും, അവിടെ യേശുവിനെ പ്രസവിക്കുമ്പോഴും, മറിയം പരാതിപ്പെടുന്നില്ല. ആഴമായ വിശ്വാസത്തിൽ നിന്നുയിർകൊണ്ട പ്രത്യാശയാണ് ദൈവം അനുവദിക്കുന്ന അവസ്ഥയെ അപ്പാടെ സ്വീകരിക്കുവാൻ പരിശുദ്ധമാതാവിനെ ശക്തയാക്കുന്നത്.

'കർത്താവിന്റെ അമ്മ'യുടെ സാന്നിദ്ധ്യം ഭാഗ്യകരമാണെന്നും, ആ അമ്മ ഭാഗ്യവതിയാണെന്നും ഏലിശുബയുടെ അധരങ്ങളിലൂടെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയപ്പോൾ (ലൂക്കോ. 1:42–45). തലമുറകൾ തന്നെ ഭാഗ്യവതിയായി കരുതണമെന്ന ദൈവഹിതം മറിയത്തിന് കൂടുതൽ മനസ്സിലാകുന്നു. ക്ലേശപൂർണ്ണമായ തന്റെ വിശ്വാസതീർത്ഥാടനത്തിന്റെ ആദ്യപടിയിലാണെങ്കിലും, പ്രത്യാശയോടെ, ഭാവിയിലേക്ക് ആത്മദൃഷ്ടി പായിച്ചുകൊണ്ട് 'ഇപ്പോൾ മുതൽ തലമുറകൾ എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും' (ലൂക്കാ. 1:48) എന്ന് ആലപിക്കുവാൻ മറിയത്തിന് സാധിക്കുന്നു.

വിശ്വാസവും പ്രത്യാശയും ഒരു നാണയത്തിന്റെ ഇരുമുഖങ്ങളെന്നപോലെ മറിയത്തിൽ പ്രകാശിതമായിരിക്കുന്നു. വിശ്വാസത്തേയും പ്രത്യാശയേയും പ്രോജ്ജ്വലിപ്പി

# ക്രൈസ്തവരുടെ സൽകൃത്യങ്ങൾ

**പി.സി. ഏലിയാസ്, വെണ്ണാല**

യഹൂദന്മാരുടെ പ്രവർത്തനശൈലി ആയിരുന്ന, മറ്റുള്ളവരെ കാണിക്കാൻവേണ്ടി കാഹളനാദം മുഴക്കി പത്രദ്വാരാപ്രസിദ്ധം ചെയ്തിട്ട് ചാരിറ്റി കൊടുക്കുന്ന പ്രവണതയെ യേശുക്രിസ്തു നിശിതമായി വിമർശിച്ചിരുന്നു. പഴയ കാലത്തേ രീതിക്ക് വ്യത്യാസം വരുത്തിക്കൊണ്ടാണ് യേശുക്രിസ്തു സുവിശേഷീകരണക്രിയ ആരംഭിച്ചത്. ദാനധർമ്മങ്ങൾ, സഹായം, ശുശ്രൂഷ എന്നിവ മനുഷ്യജീവിതത്തിൽ അത്യാവശ്യം ചെയ്യേണ്ടതായ അടിസ്ഥാന നിയമസംഹിതയിൽ പെട്ടതാണ്. എന്നാൽ ഇന്ന് ക്രിസ്തീയ വിഭാഗത്തിൽ യഹൂദ രീതികടന്നുകൂടിയിരിക്കുകയാണ്. പതിനായിരങ്ങളുടെ അനാവശ്യ ചിലവുകൾ നടത്തി ആയിരം രൂപ സഹായം ചെയ്യുന്ന ഒരു കൂട്ടമായി ക്രിസ്തീയ വിഭാഗം അധഃപതിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. ഈ തീരുമാനങ്ങളുടെ മുമ്പിൽ ദൈവം കണ്ണുകൾ അടച്ചുകളയുന്നു. നിന്റെ ഇടംകൈ ചെയ്യുന്നത് വലംകൈ അറിയരുതെന്നതാണ് ക്രിസ്തീയ മാനദണ്ഡം.

ഇന്ന് നേതാക്കന്മാർ പല സ്ഥാപനങ്ങൾക്കും മറ്റും ഉദാര സംഭാവന ചെയ്യുകയും രസീത് സ്വന്തം പേരിൽ വാങ്ങി ദേവാലയത്തിനോ മറ്റു സ്ഥാപനങ്ങൾക്കോ കൈമാറി പണം തിരിച്ചുവാങ്ങുന്ന പ്രവണത കൂടിവരികയാണ്. യഥാർത്ഥ സഹായം ചെയ്ത സ്ഥാപനത്തിന്റെ പേരിൽ രസീതില്ല. ഇങ്ങനെയുള്ളവർക്ക് പ്രതിഫലം അപ്പോൾത്തന്നെ കിട്ടിയിരിക്കുമെന്ന് യേശുക്രിസ്തു പ്രസ്താവിച്ചിട്ടുണ്ട്. രഹസ്യത്തിൽ ചെയ്യുന്നവർക്ക് ദൈവം പ്രതിഫലം കണക്കിട്ടുകൊള്ളും. ജീവന്റെ പുസ്തകത്തിൽ ഏറിയ പ്രതിഫലമായി വ്യക്തികളുടെ കണക്കിൽ സ്ഥിരനിക്ഷേപമായി മാറ്റപ്പെടുന്നുണ്ട്. രഹസ്യത്തിൽ ചെയ്യുന്ന കാര്യങ്ങൾ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനായ സ്വർഗ്ഗീയ പിതാവ് അതിനെ മാനിച്ചാദരിക്കുന്നു.

യഹൂദന്മാരുടെ മൂന്ന് പ്രധാന ആചാരാനുഷ്ഠാനങ്ങളാണ് ദാനധർമ്മം, പ്രാർത്ഥന, ഉപവാസം. എന്നാലിത് അനുഷ്ഠിക്കുന്ന വ്യക്തികളുടെ മനോഭാവത്തിന്റേയും ഉദ്ദേശത്തിന്റെയും ലക്ഷ്യം നഷ്ടപ്പെടുന്നു. അതായത് സ്വാർത്ഥതയുടേയും കപട ഭക്തിയുടേയും പര്യായങ്ങളായി മാറ്റപ്പെടുന്നു. ഈ സ്ഥിതി ആവർ ത്തിക്കപ്പെടാതിരിക്കുന്നതിനാണ് യേശു അവയെ പരസ്യമായി പ്രസ്താവിച്ചത്. മേൽപറഞ്ഞ പ്രവർത്തികൾ നല്ലതാണ് എന്ന കാരണത്താൽ മനുഷ്യൻ നന്നാകുന്നില്ല. അവന്റെ ഹൃദയത്തിന് ആന്തരിക മാറ്റം വരുന്നില്ല. യഥാർത്ഥ ഉദ്ദേശശുദ്ധി ഇവിടെ അനുകരിക്ക പ്പെടുന്നില്ല. ദൈവത്തിന്റെ മുമ്പിലുള്ള സ്വീകാര്യതയേക്കാൾ മനുഷ്യാദരവിനുവേണ്ടിയുള്ള ആവേശങ്ങളും ആഗ്രഹവും ഒരുവനേ ധന്യനാക്കുന്നില്ല. മനുഷ്യസ്തുതികൾക്കുവേണ്ടിയുള്ള സൽകർമ്മങ്ങൾ പ്രതിഫലം നഷ്ടമാക്കപ്പെടുന്നു. പരീശന്റെ അഹന്തയും പരനിന്ദയും കാണിക്കുന്നു.

ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ പലയിടത്തും പ്രതിഫലത്തേപ്പറ്റി പരാമർശിക്കുന്നുണ്ട്. ദൈവിക സ്നേഹത്തിൽ ഒരുവന് കുടിക്കുവാൻ ഒരു പാത്രംവെള്ളം കൊടുത്താൽ അവനു പ്രതിഫലം ലഭിക്കും (മത്തായി 10-4). യേശുവിനെ പ്രതികുടുംബത്തേയോ ബന്ധുക്കളെയോ സഹോദരി സഹോദരന്മാരെയോ, അപ്പനമ്മമാരെയോ, മക്കളെയോ വസ്തുവക

---

ക്കുന്ന ദൈവസ്നേഹത്തിന്റെ അഗ്നി അമ്മയിൽ ജ്വലിച്ചുകൊണ്ടിരുന്നു. ദൈവസ്നേഹം പരസ്നേഹത്തിലേക്ക് സ്വതേ ചാലുകീറി ഒഴുകുന്നതാണ്. കാനായിലെ വിവാഹവേളയിൽ ആതിഥേയരുടെ മനഃക്ലേശം അറിഞ്ഞ് മറിയം അവർക്കുവേണ്ടി മദ്ധ്യസ്ഥയാകുന്നതും, യൂദയായിലെ മലമ്പ്രദേശത്തേയ്ക്ക് തിടുക്കത്തിൽ അവൾ നടന്നുനീങ്ങുന്നതും ഈ സത്യം വെളിപ്പെടുത്തുന്നു.

കാനായിലെ സംഭവം ഇവിടെ ചിന്താവിഷയമാക്കുക ഉചിതമാണ്. യേശുവിനെ പരസ്യജീവിതത്തിലേക്കും, അതുവഴി കാൽവരിയിലേക്കും നയിക്കുന്ന ആദ്യ അത്ഭുതത്തിന്, അടയാളത്തിന് പരിശുദ്ധ അമ്മ മകനെ നിർബന്ധപൂർവം തന്നെ ക്ഷമിക്കുകയാണിവിടെ. കാരണം, 'അവൻ പറയുന്നതുപോലെ ചെയ്യുക' എന്ന നിർദ്ദേശം മറിയം പരിചാരകർക്കു നൽകുന്നു. അതിന്റെ അർത്ഥം യേശു പരിചാരകർക്കു നിർദേശം നൽകുമെന്നും തന്നെയാണ്. അത്ഭുതം പ്രവർത്തിക്കുന്നതിൽ നിന്നും പിന്തിരിയുവാൻ യേശുവിനിവിടെ അവസരമില്ല. പരിചാരകരോടുള്ള ഈ നിർദ്ദേശത്തിലൂടെ, കാൽവരിയിലേക്കുള്ള യാത്ര കാനായിൽനിന്ന് ആരംഭിക്കുവാൻ മറിയം തന്റെ മകന് അനുവാദം നൽകുകയാണ്. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോകുമെന്നുള്ള ശെമയോന്റെ പ്രവചനം ഈ മാതൃഹൃദയത്തിന്റെ ഉള്ളറകളിൽ മാറ്റൊലികൊണ്ടിരുന്നു എന്നു നാം ഓർക്കണം. ആ വേദനയുടെ കാൽവരികയറ്റത്തിന് തയ്യാറാകുകയും അതിനു സമ്മതമേകുകയും ചെയ്യുന്ന മറിയം. ഇവിടെ വലിയ പ്രത്യാശയുടെ അവതാരമായി നിലകൊള്ളുന്നു. ആ പ്രത്യാശ കാൽവരിക്കപ്പുറം സംഭവിക്കേണ്ട ഉത്ഥാനത്തെക്കുറിച്ച് മറിയത്തിനുള്ള ബോധ്യത്തിൽ നിന്നുമാണ് ജനിക്കുന്നത്. ദൈവഹിതത്തിന് വിധേയയാകുവാനും സ്നേഹം തന്നെയായ ദൈവത്തിൽ പ്രത്യാശ വയ്ക്കുവാനും മറിയത്തിനു സാധിക്കുന്നു. കുരിശിന്റെ ചുവട്ടിൽ നിൽക്കുന്ന പരിശുദ്ധ മാതാവ് കുരിശിൽ കിടന്നു വേദനിക്കുന്ന മകനോടൊപ്പം വേദനിക്കുകയാണ്. ആ വേദനയുടെ തീവ്രത നമുക്കു വിവരിക്കാനാവില്ല. എന്നാൽ മറിയം, എന്തുകൊണ്ടാണ് നിശബ്ദയായിരിക്കുന്നത്? പരിഭവങ്ങളോ പരിദേവനങ്ങളോ ഉതിർക്കാത്തത്? ദൈവിക പദ്ധതിയുടെ ചുരുൾ പൂർണ്ണമായി നിവരുമ്പോൾ ഉത്ഥാനത്തിന്റെ പ്രഭാതം ഉദയം ചെയ്യുമെന്ന ആത്മബോധ്യം, ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ച മറിയത്തിനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അമ്മയിലെ പ്രത്യാശയുടെ പ്രഭാപൂരം അണച്ചുകളയുവാൻ കാൽവരിക്കു ശക്തിയില്ലായിരുന്നു. അതേ കാരണം കൊണ്ടുതന്നെ മാറത്തടിച്ചു കരഞ്ഞുകൊണ്ട് നിരാശരായി മടങ്ങിയ സ്ത്രീകളിൽ നിന്നും, ഭഗ്നാശരായി, നഷ്ടബോധത്തിന്റേയും നടുക്കുന്ന ഓർമ്മകളുടേയും ഭാരവും പേറി, ഭയത്തിന്റേയും നിരാശയുടേയും തുരുത്തുകളിൽ അഭയം തേടിയ ശിഷ്യരിൽ നിന്നും, വ്യത്യസ്തയായി മറിയം നിലകൊള്ളുന്നു. അതുകൊണ്ടാണ് യേശു ഉത്ഥാനം ചെയ്യുമെന്ന വാഗ്ദാനം വിസ്മരിച്ചവരെയെല്ലാം അവിടുന്ന് ദർശനമേകി വിശ്വാസത്തിലേക്കും, പ്രത്യാശയിലേക്കും പുനരാഗമിപ്പിക്കേണ്ടി വന്നപ്പോൾ മറിയം അതിനപവാദമായി നിലകൊണ്ടത്. അമ്മ വിശ്വാസത്തിന്റേയും, പ്രത്യാശയുടേയും സ്നേഹത്തിന്റേയും തങ്കക്കല്ലുകളാൽ പണിയപ്പെട്ട ഭവനമായിരുന്നു. ഇന്നും, പ്രത്യാശിക്കുന്നവർക്കെല്ലാം അഭയമരുളാൻ വിശാലതയുള്ള ഭവനം. വി. മാതാവിന്റെ മദ്ധ്യസ്ഥത നമുക്കു കാവലായിരിക്കട്ടെ.

# പരിശുദ്ധാത്മാവ്

പരിശുദ്ധാത്മാവ് ത്രൈയേക ദൈവത്തിലെ മൂന്നാമത്തെ ആളത്വമാണ്. പിതാവിനെപ്പറ്റിയും പുത്രനെപ്പറ്റിയും കുറെക്കാര്യങ്ങളെങ്കിലും പിതാക്കന്മാർ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ബോധനം അത്രതന്നെ സുഗ്രഹമല്ല. സെന്റ് സിമിയോൻ ഒരു പ്രാർത്ഥനയിൽ എഴുതുന്നു: “അവിടുന്ന് അദൃശ്യനാണ്, യാതൊരു കൈകൾക്കും അവിടുത്തെ സ്പർശിക്കാനാവില്ല. അവിടുന്ന് പഞ്ചേന്ദ്രിയങ്ങൾക്കു വിധേയനാകുന്നില്ല. അതേ സമയം അവിടുത്തെ സാന്നിദ്ധ്യം എവിടെയും അനുഭവപ്പെടുന്നു. അവിടുന്നാരാണെന്നു ചോദിക്കുന്നതുപോലെ അവിടുന്ന് ആരാണല്ലാത്തതെന്നും ചോദിക്കാം. അവിടുത്തേക്ക് നാമമില്ല, ഭോഷത്വം മൂലമാണ് അങ്ങയെ ഗ്രഹിക്കാൻ ഞാൻ ശ്രമിച്ചത്. അങ്ങയെ കിട്ടിയെന്നു വിചാരിച്ചു ഞാൻ കൈമുറുക്കി. അവിടുന്ന് എന്റെ പിടിയിൽ പെട്ടില്ല. എന്റെ അംഗുലികളിൽ അവിടുത്തെ ഉൾക്കൊള്ളാനാവില്ല. ദുഃഖിതനായി ഞാൻ കൈ നിവർത്തി നോക്കി. അവിടുന്ന് എന്റെ കൈത്തലത്തിലുണ്ടായിരുന്നു. അവാച്യമായിരുന്നു എന്റെ അത്ഭുതം. ആ രഹസ്യം അത്യധികം വിസ്മയജനകമായിരുന്നു. നാം തെറ്റായ വഴിക്കാണു സഞ്ചരിക്കുന്നത്, വ്യഥാവിൽ നാം ക്ലേശിക്കയും ചെയ്യുന്നു.

ഈ വിവരണം പരിശുദ്ധ റൂഹായെപ്പറ്റിയുള്ളതാണ്. അപ്പോസ്തോല പ്രവൃത്തികളിൽ (2:2) പരിശുദ്ധ റൂഹായെ ഇരമ്പി അടിക്കുന്ന കാറ്റായി ചിത്രീകരിക്കുന്നു, ആത്മാവിനു ഗ്രീക്കിൽ ‘നുമാ’ എന്നു പറയും. ന്യൂമാ, കാറ്റാണ്, നിശ്വാസമാണ്. ഈ അർത്ഥങ്ങളൊക്കെ ‘റൂഹാ’ എന്ന എബ്രായ പദത്തിനുമുണ്ട്. യേശു നിക്കോദിമോസിനോടു പറഞ്ഞു (യോഹ. 3:8) കാറ്റ് അതിനു ഇഷ്ടമുള്ളിടത്തേക്കു വീശുന്നു. നിങ്ങൾ കാറ്റടിക്കുന്ന ശബ്ദം കേൾക്കുന്നു. പക്ഷേ, അവനെവിടെനിന്നും വരുന്നുവെന്ന് നിങ്ങളറിയുന്നില്ല. എവിടേക്കാണു വീശുന്നതെന്നും നിങ്ങൾക്കു നിശ്ചയമില്ല. കാറ്റുവീശുന്നത് നമുറിയാം. മരങ്ങളുടെ ഇടയിൽക്കൂടി അതു കടന്നുവരുന്നു. രാത്രിയിൽ പുറത്തു കടന്നാൽ അതുവന്നു നമ്മെ തലോടുന്നു. മലയുടെ ചരിവിൽകൂടി നടക്കുമ്പോൾ അതു നമ്മുടെ മുഖത്ത് ഉരുമ്മുന്നു. ചിലപ്പോൾ അതിനെ കൈക്കുള്ളിലാക്കാൻ നാം ശ്രമിക്കുന്നു. പക്ഷേ, കൈതുറന്നുനോക്കുമ്പോൾ നാം യാതൊന്നും കാണുന്നില്ല. അതേ സമയം പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നമുക്കനുഭവപ്പെടുന്നു. പക്ഷേ, ആത്മാവിനെ നാമെങ്ങനെ കാണും? എങ്ങനെ സ്പർശിക്കും? പ്രാണവായുവിനെപ്പോലെ പരിശുദ്ധാത്മാവ് ജീവന്റെ ഉറവിടമാണ് എവിടെയും ആത്മാവുണ്ട്. എല്ലാത്തിനെയും ആത്മാവ് നിറയ്ക്കുന്നു. പരിശുദ്ധാത്മാവ് സ്വയം പ്രത്യക്ഷമാവുകയില്ല. പക്ഷേ, ആവശ്യാനുസരണം അവിടുന്ന് നമുക്ക് യേശുവിന്റെ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു.

“പെന്തെക്കോസ്തു നാൾ വന്നപ്പോൾ എല്ലാവരും (ശിഷ്യന്മാർ) ഒരു സ്ഥലത്തു ഒന്നിച്ചുകൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നും ഒരു മുഴക്കമുണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവൻ നിറച്ചു അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽപതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.

കാറ്റും അഗ്നിയും കാറ്റിനെപ്പോലെ. അഗ്നിയും അമേയമാണ് ഭൂമിയും ജലവും പോലെയല്ല കാറ്റും അഗ്നിയും. കാറ്റുപോലെ അഗ്നിയും നമ്മെ സ്പർശിക്കുന്നു. കാറ്റിന്റെ തണുപ്പും അഗ്നിയുടെ ചൂടും നമുക്കനുഭവപ്പെടുന്നു. പക്ഷേ, കാറ്റിനെപ്പോലെ അഗ്നിയെയും കൈക്കുള്ളിലാക്കാൻ നമുക്ക് സാദ്ധ്യമല്ല. കാറ്റും അഗ്നിയും പദാർത്ഥങ്ങളല്ല. ഊർജ്ജമാണ്. വചനം ജഡം ധരിച്ചു, പക്ഷേ, പരിശുദ്ധാത്മാവ് ജഡം ധരിച്ചില്ല. അതേ സമയം മൂർത്ത വും അമൂർത്തവുമായ സർവ്വത്തിലും അതു പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവ് പിതാവിൽ നിന്നുമാണ് പുറപ്പെട്ടത്. പുത്രനും പരിശുദ്ധറൂഹായും കാലാരംഭത്തിനു മുമ്പ് ദൈവത്തോടൊപ്പമുണ്ടായിരുന്നു.

തന്റെ ശിഷ്യന്മാർക്ക് ആശ്വാസപ്രദമായ പരിശുദ്ധാത്മാവിനെ പുത്രൻ ചരിത്രത്തിൽ അയച്ചുവെന്നത് സത്യമാണ്. അതേസമയം കന്യകമറിയാം പുത്രനെ ഗർഭം ധരിച്ചതു പരിശുദ്ധാത്മാവ് മുഖേനയാണ്. അതിനാൽ പരിശുദ്ധ റൂഹാപിതാവിൽ നിന്നെന്നപ്പോലെ പുത്രനിൽ നിന്നും കൂടിയാണു പുറപ്പെട്ടതെന്ന വാദം അതേപടി സ്വീകരിക്കാൻ നിവൃത്തിയില്ല. ദൈവം ലോകസൃഷ്ടി നടത്തിയതു പുത്രനിലും പരിശുദ്ധ റൂഹായിലുമാണ്. പരിശുദ്ധ റൂഹാ ആത്മാവാണ്, അതേസമയം ആളത്വവുമാണ്. അതിനാൽ മനുഷ്യാത്മാവിനു പരിശുദ്ധാത്മാവിനോടു ബന്ധപ്പെടാം. പരിശുദ്ധാത്മാവ് വസ്തുക്കളിലും മനുഷ്യനിലും സവിശേഷ ചൈതന്യത്തോടെ പ്രവർത്തിക്കുന്നു. പിതാവിനെയും പുത്രനെയും പോലെ പരിശുദ്ധാത്മാവും അനാദ്യന്തനാണ്. സത്തയിൽ അവിടുന്ന് അവർക്ക് സമാനനാണ്. പെന്തുക്കോസ്തി ദിവസത്തിലെ ആരാധനയിൽ നിന്നും ഒരു ഭാഗമിതാ, “ഇന്നലെ ഉണ്ടായിരുന്നവനും ഇപ്പോഴുള്ളവനും നാളെ ഉണ്ടായിരിക്കുന്നവനുമാണ് പരിശുദ്ധ റൂഹാ. പിതാവിനോടും പുത്രനോടും കൂടി അവിടുന്നുമുണ്ട്. അവിടുന്ന് ജീവനാണ്. ജീവദായകനാണ്. അവിടുന്ന് പ്രകാശമാണ്. പ്രകാശദായകനുമാണ്. അവിടുന്ന് സ്നേഹമാണ് സ്നേഹത്തിന്റെ ഉറവിടവുമാണ്. പരിശുദ്ധാത്മാവിൽകൂടി പിതാവ് അറിയപ്പെടുന്നു. എല്ലാവർക്കും വെളിപ്പെടുന്നു.” ●

---

കളെയോ ഉപേക്ഷിക്കുന്നവർക്ക് 100 ഇരട്ടി പ്രതിഫലവും നിത്യജീവനും യേശു (മത്തായി 19–29) ൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ ലോകജീവിതത്തിലെ പ്രവർത്തനവ്യാപ്തിക്കനുസരിച്ചായിരിക്കും അന്ത്യന്യായവിധി ദിനത്തിലെ പ്രതിഫലമെന്നും (മത്തായി 25–31–46) യേശു പ്രസ്താപിച്ചിട്ടുണ്ട്.

അന്ത്യമില്ലാത്തതോ ലക്ഷ്യമില്ലാത്തതോ ആയ ക്രിസ്തീയജീവിതം അഭികാമ്യമല്ല. അതുകൊണ്ട് ഈ ലോകജീവിതത്തിൽ വച്ചുതന്നെ അർത്ഥവും ലക്ഷ്യവുമുള്ള ജീവിതം നയിക്കണമെന്നതാണ് എല്ലാവരിൽനിന്നും യേശു ആഗ്രഹിക്കുന്ന വസ്തുത. ഇവിടെ ഉദ്ധരിച്ച പ്രതിഫലങ്ങൽ കച്ചവട മാർഗ്ഗത്തിലൂടെ കണക്കാക്കാൻ പാടില്ല. ലൗകികമായ നേട്ടങ്ങൾക്കു വേണ്ടിയല്ല. സ്നേഹത്തിൽ വേണ്ടിയുള്ള പ്രവർത്തനമായിരിക്കണം. ദൈവപുത്രൻ പരിപൂർണ്ണമായി സമർപ്പിച്ചുകൊണ്ടുള്ളതായ ജീവിതം ആയിരിക്കണം. കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു നടത്തണമെന്ന ഒരവബോധം മനസിൽ പതിയണം. സദ്ഉദ്ദേശത്തോടെ ദൈവത്തിനുവേണ്ടി ജീവിക്കുന്നവർക്കുള്ള പ്രതിഫലം നാം അറിയാതെതന്നെ വന്നുകൊണ്ടിരിക്കും. ആത്മികപന്ഥാവിലൂടെ നാം ജീവിതരീതി മാറ്റുമ്പോൾ സ്നേഹത്തോടും ഹൃദയനൈർമല്യത്തോടുംകൂടി കാര്യങ്ങൾ നിയന്ത്രിക്കുവാനുള്ള ഉത്തേജനം നമ്മിലുദിക്കയും സത്കർമ്മങ്ങളുടെ പട്ടികകൂടിവരികയും ചെയ്യുന്നതാണ്. മനുഷ്യൻ ഹ്രസ്വദൃഷ്ടിയോടെ സംഗതികൾ വിലയിരുത്തുമ്പോൾ ദൈവം വിശാലവും അനന്തവുമായ വീക്ഷണത്തോടെ ദർശിക്കുന്നു. ജീവിതത്തിൽ പരാജയപ്പെട്ടാലും, സങ്കടമായാലും സന്തോഷമായാലും നാം ദൈവത്തോട് നന്ദി പറയണം. ഒരിക്കൽ മാത്രമല്ല എല്ലായ്പ്പോഴും എന്നും മരണംവരേയും. ജീവിതത്തിലേ ഉയർച്ചതാഴ്ചകൾ ശാപമല്ല അനുഗ്രഹം തന്നെയെന്നു വിശ്വസിച്ചേ മതിയാകൂ. പരീക്ഷണങ്ങളുണ്ടാകുമ്പോൾ അപ്രതീക്ഷിതമായ എന്തോ ഒന്നും സംഭവിച്ചതുപോലെ പരിഭ്രമിക്കാൻ പാടില്ല. ദൈവത്തിനു നന്ദികരേറ്റിക്കൊണ്ടുവേണം എന്തു ജോലിയും ആരംഭിക്കുവാൻ. സ്തോത്രഗീതം ആലപിച്ചശേഷം അവർ ഒലിവുമലയിലേക്കുപോയി (മത്തായി 26–30) സ്തോത്രത്തോടെ എല്ലാം അനുഗ്രഹത്തിനായ് സത്കർമ്മങ്ങൾ ഒന്നൊന്നായി ചെയ്തുതുടങ്ങുമ്പോൾ പ്രതിഫലങ്ങൾ നാം അറിയാതെ തന്നെ നമ്മെ പിന്തുടരുന്നതാണ് എന്ന് ബലമായി വിശ്വസിക്കുക. ഫലം നിശ്ചയംതന്നെ. ●

# പള്ളിതർക്കങ്ങൾ പരിഹരിക്കാൻ ട്രൈബ്യൂണലിനെ നിയമിക്കണം: സോസ്

മലങ്കര സഭയിലെ പള്ളികൾ സംബന്ധിച്ച അനന്തമായി നീളുന്ന കേസുകളും തർക്കങ്ങളും ഒരു സാമൂഹ്യപ്രശ്ന മായി മാറുന്ന സാഹചര്യത്തിൽ ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ ഒരു ട്രൈബ്യൂണലിനെ നിയമിച്ച് അദാലത്തിലൂടെ അടിയന്തരപരിഹാരം കണ്ട് സമാധാനം സ്ഥാപിക്കണമെന്ന് സിറിയിൻ ഓർത്തഡോക്സ് സർവീസ് സൊസൈറ്റി പ്രസിഡന്റ് അലക്സാണ്ടർ കാരയ്ക്കാട് സർക്കാരിനോട് ആവശ്യപ്പെട്ടു.

ഇടവകപള്ളികളുടെ സ്വത്ത് കാര്യത്തിൽ സുപ്രീംകോടതിവിധി ബാധകമല്ലെന്നും, ഇടവകഭരണം ഇടവകയിൽ നിക്ഷിപ്തമാണെന്നും, 1934 ലെ ഭരണഘടന സഭയുടെ പൊതുസ്വത്തിനുവേണ്ടി മാത്രമുള്ളതാണെന്നും സുപ്രീം കോടതി വിധിച്ചിട്ടുള്ളതിനാൽ ഒരു കമ്മീഷനെവെച്ച് 1934 ഭരണഘടന ഇടവക അംഗീകരിക്കുന്നുവോ എന്ന് ഹിതപരിശോധന നടത്തിയും കമ്മീഷന്റെ നേതൃത്വത്തിൽ നിയമാനുസൃത തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതിയെ പള്ളി ഭരണം ഏല്പിച്ചും അവകാശവാദങ്ങ ൾക്ക് നീതിപൂർവമായ പരിഹാരമുണ്ടാക്കണം. അതുകൊണ്ടാണ് വിധി നടത്തിപ്പിൽ മാത്യൂസ് ദ്വിതിയനെ മളീമഠി ന്റെ സാന്നിദ്ധ്യത്തിൽ രണ്ടാമതും തെരഞ്ഞെടുക്കാൻ കാ രണം. ന്യൂനപക്ഷങ്ങൾക്ക് ശവസംസ്കാരത്തിനും ആരാധനയ്ക്കും സൗകര്യം ഒരുക്കാൻ സന്നദ്ധവും ആകണം.

ഇടവക ട്രസ്റ്റിന്റെ സ്ഥാപനോദ്ദേശ്യം, സ്ഥാപകന്റെ ഇംഗിതം, സ്ഥാപനത്തിന്റെ ആരംഭം, വസ്തുവിന്റെ ആധാരം, നിലവിലുള്ള കേസുകളുടെ സ്ഥിതി, ഇടവകകൾ അംഗീകരിച്ചിരിക്കുന്ന ഭരണനടപടിക്രമം ഈ ട്രൈബ്യൂണലിന്റെ പരിഗണനവിഷയങ്ങളാകണം.

1995 ലെ സുപ്രീംകോടതി വിധി "The public church depends on its trust deed, the intention of the founder, the purpose of which it was established and the public charities are of permenent character. Its nature can not be changed by the persons who are entrusted to manage it" and Para 141. "In this suit no declaration can be granted the rights of parish churches in their absences nor can be declared that the properties held Malankara Parish Churches vest in the Catholicos or the Malankara Metropolitian or the Metropolitan of the concerned diocese. It also appears that each of the parish churches has its on constitution where under the generalbody of the parishes is declared to be the final authority in temporal matter." Para 141. Prish properties as provided in the 1934 sonstitution. It can not be said that the administration of the Parish properties vests in him (Malamkara Metropolitan) The power of the Malankara Metropolitan or the Metropolitan in temporal affeirs must be understood in there suits too in the same manner as has been declared in Samudayam judgement ie; with respect to the common properties of the Malankara Church as such.

ആയതിനാൽ 1934 ഭരണഘടന പ്രകാരമാണ് ഇടവകപള്ളികൾ ഭരിക്കേണ്ടതെന്നു പറഞ്ഞാൽ അതിനർത്ഥം പള്ളികൾ മലങ്കരസഭയുടെ പൊതുസ്വത്താണെന്നാണ്. അത് സ്ഥാപിച്ചവർക്കോ സ്ഥാപനോദ്ദേശ്യത്തിനോ പണം മുടക്കിയ അംഗങ്ങൾക്കോ അതിൽ യാതൊരു അവകാശവുമില്ലെന്നാണ്.

O.S-268/1996 കേസിന്റെ ജഡ്ജ്മെന്റിൽ Para 13 ൽ We might also add that while the Supreme Court held in moran Mar Baselious Catholicos Vs Avira (1958 KLT 721) that the M.D. seminary meeting of 1934 was duly convened and valid meeting of that sabha, their Lordships said nothing in that decesion about the competence of the sabha to frame a constitution for the individual affiliated churches or about the validity or applicability of the constitution Ext-P-26 in relation to such churches. ഈ വിധി അന്തിമവും ചോദ്യം ചെയ്യപ്പെടാത്തതുമാണ്.

കോലഞ്ചേരി സംബന്ധിച്ച ഇപ്പോഴത്തെ വിധിയിൽ നീതി നിഷേധിക്കപ്പെട്ടെന്ന് കാണിച്ച് ഹൈക്കോടിതിയിൽ അപ്പീൽ സമർപ്പിച്ചിരിക്കെ കീഴ്കോടതിവിധി നടപ്പാക്കി തരണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ട് നടത്തുന്ന സമരസമർദതന്ത്രങ്ങൾ നിരർത്ഥകമാണ്. സഭാംഗങ്ങളുടെ വിശ്വാസവും ആരാധനാസ്വാതന്ത്ര്യവും ഇടവക സ്വത്തിൻമേൽ അവർ ആർജിച്ച അവകാശാധികാരങ്ങളും അംഗീകരിച്ച് ജനാധിപത്യരീതിയിൽ തർക്കങ്ങൾ പരിഹരിച്ച് സഭയിലും രാജ്യത്തും സമാധാനം സംസ്ഥാപിക്കാൻ ജുഡിഷറിയും എക്സിക്യൂട്ടീവും തയാറാകണം.

ഒരേ സ്വഭാവമുള്ള കേസുകളിൽ വിവിധ തരത്തിലുള്ള വിധികൾ കോടതികളിൽ നിന്നുണ്ടാകുന്നതിനാൽ പലപ്പോഴും നീതിനിഷേധിക്കപ്പെടുന്നു എന്ന തോന്നൽ കക്ഷികൾക്കുണ്ടെന്നതിനാൽ ഒരു സമിതിയുടെ നേതൃത്വത്തിൽ അദാലത്ത് നടത്തി എല്ലാ കേസുകളും ഇരുകൂട്ടരുടേയും അവകാശവാദങ്ങളും പരാതികളും കേൾ ക്കുകയും വിട്ടുവീഴ്ച ചെയ്യാവുന്നിടത്തൊക്കെ ഇരുകക്ഷികളും തയ്യാറാകുകയും ചെയ്ത് ഓരോ പള്ളിയുടെ കേസിനും ഒരു ദിവസം നീക്കിവെച്ച് അന്നുതന്നെ ട്രൈബ്യൂണലിന്റെ നിഗമനങ്ങളും ശുപാർശകളും ഇരുകൂട്ടരേയും ബോദ്ധ്യപ്പെടുത്തുകയും ചെയ്ത് വിധി പ്രസ്താവിക്കുന്നത് ഉത്തമമായിരിക്കും. രണ്ടു വർഷംകൊണ്ട് കേസുകൾ എല്ലാം തീരും സഭയിലും രാജ്യത്തും സമാധാനവും ഉണ്ടാകും.

രണ്ടായിരം ഇടവകാംഗങ്ങളുള്ള പള്ളിയിൽ മുന്നൂറുപേരുടെ ന്യൂനപക്ഷം (നടപടികൾക്ക് അതീതമായി വിരുദ്ധമായി) കൊടുത്ത ഭരണസമിതി ലിസ്റ്റ് കീഴ്ക്കോടതി ഏകപക്ഷിയമായി അംഗീകരിച്ച സ്ഥിതിക്ക് നിഷ്പക്ഷ കമ്മീഷനെവെച്ച് റഫറണ്ടം നടത്തുകയും സത്യസന്ധമായ തെരഞ്ഞെടുപ്പ് നടത്തി കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ച് ഭരണം ഏല്പിക്കുകയും ചെയ്യേണ്ടതിനു പകരം കീഴ്ക്കോടതിയിൽ നിന്ന് കിട്ടിയ വടി ഉപയോഗിച്ച് ഉടമസ്ഥരായ 1700 വരുന്ന ബഹുഭൂരിപക്ഷത്തെ അടിച്ച് ഓടിക്കാൻ ശ്രമിച്ചാൽ അത് അംഗീകരിക്കാനാവില്ല. 1934 ഭരണഘടനയെന്ന എല്ലുംകഷണത്തിൽ യാക്കോബായ സഭയെകൊണ്ട് കടിപ്പിക്കാനാണ് ഓർത്തഡോക്സ് സഭ ശ്രമിക്കുന്നത്. കോടതിയെ അവർ സൃഷ്ടിച്ചെടുത്ത മായവലയത്തിൽനിന്ന് വിമുക്തമാക്കുകയും വേണം. 1958 ലേയും 95 ലേയും വിധി സഭയുടെ പൊതുസ്വത്തിനെ മാത്രം ബന്ധിക്കുന്നതെന്നാണ്.

# പുലിക്കോട്ടിൽ തിരുമേനിയെ അവഹേളിക്കൽ

**ഷെവ. പി.കെ. പൗലോസ് കൂരൻ**

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 150-ാം ചരമവർഷികം ഓർത്തഡോക്സ് സഭ വിപുലമായി ആചരിക്കുകയും ആ പിതാവിന് സഭാ തേജസ് എന്ന ബഹുമതി നൽകി ആദരിക്കുകയും ഉണ്ടായി. എന്നാൽ ഇതിൽനിന്നും വിഭിന്നമായ കാഴ്ചപ്പാടുള്ള ചില ഓർത്തഡോക്സ് ചരിത്രകാരന്മാരുടെ നടപടി ക്രൂരവും തിരുമേനിയെ അവഹേളിക്കുന്നതുമാണ്.

മലങ്കര സഭ പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ അധിശ്യത്വത്തിൽ ആകാനും പ. പത്രോസ് പാത്രിയർക്കീസ് ബാവയെ ക്ഷണിച്ചവരുത്തിയതാണ് മലങ്കര സഭ പി. അന്ത്യോഖ്യാ സിംഹാസനത്തിന് വിധേയപ്പെടാനും കാരണം. പുലിക്കോട്ടിൽ തിരുമേനിയാണ് ആരോപണം. പി.വി. മാത്യു തന്റെ 'മലങ്കര നസ്രാണി ക്രിസ്ത്യാനികൾ' മൂന്നാം ഭാഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. "അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന ഭൂതത്തെ മലങ്കരയിലേക്ക് കൊണ്ടുവന്നിറക്കി പതിനെട്ടു നൂറ്റാണ്ടോളം മലങ്കര നിലനിന്നിരുന്ന മർത്തോമ ശ്ലീഹായുടെ സിംഹാസനത്തെ മറിച്ചിട്ട് അന്ത്യോഖ്യായുടെ പത്രോസിന്റെ സിംഹാസനത്തെ മലങ്കരയിൽ സ്ഥാപിച്ച് ഉറപ്പിക്കുവാൻ സാഹസപ്പെട്ട് പത്രോസ് പാതിയർക്കീസിനോട് ചേർന്നു നിന്നുകൊണ്ട് പ്രവർത്തിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസിനോട് നസ്രാണിക്ക് സഹതാപം തോന്നേണ്ട കാര്യമില്ല. നരകവാതിൽ തനിക്കുവേണ്ടി തുറന്ന് കിടന്നിരുന്നു. അതിലെ പോകുകയും ചെയ്തു" (പേജ് 265) അന്ത്യോഖ്യാ മലങ്കര ബന്ധം പത്തൊൻപതാം നൂറ്റാണ്ടിലെ സൃഷ്ടി എന്ന ഗ്രന്ഥത്തിലെ ഫാ. ടി.ഐ. വർഗീസിന്റെ പരാമർശം ഇപ്രകാരമാണ്. "1874 ൽ കുറിലോസ് ദിവംഗതനായി. ഇതോടുകൂടി ദിവന്നാസ്യോസ് അഞ്ചാമന് (പുലിക്കോട്ടിൽ) ലഭിച്ചിരുന്ന ധാർമ്മിക പ്രചോദനവും, ഇല്ലാതായി. അത്തനാസ്യോസിന് എതിരായിട്ട് ഏതൊക്കെ വിധത്തിൽ നീങ്ങിയിട്ടും പരാജയമാണ് അനുഭവം. ഈ വിധത്തിൽ തീർത്തും നിരാശയിലെത്തിച്ചേർന്ന അവസരത്തിൽ പ്രശ്നപരിഹാരത്തിന് അന്ത്യോഖ്യാ പാത്രിയർക്കീസിനെ തന്നെ മലങ്കരയിലേക്ക് വരുത്തുവാൻ അദ്ദേഹം തീരുമാനിക്കുക ആയിരുന്നു" (പേജ് 66). മറ്റൊരിടത്ത് "മുളംന്തുരുത്തി സുന്നഹദോസ് വരെയും അന്ത്യോഖ്യാ സുറിയാനി സഭയുടെ ഭാഗമല്ലായിരുന്ന മലങ്കര സഭയെ ദിവന്നാസ്യോസ് അതിന്റെ ഭാഗമാക്കിക്കുകയും അന്ത്യോഖ്യായുടെ അധീശത്വം അതിന്മേൽ സ്ഥാപിക്കുകയും ചെയ്തി. നവീകരണക്കാരെ തോൽപ്പിക്കുവാൻ വേണ്ടിയാണ് ഈ വിധമൊക്കെ ചെയ്തത് എന്ന് പറഞ്ഞ് ഒഴിയുന്നതിൽ വലിയ നീതികരണമില്ല. മലങ്കരസഭയെ അത്യാപത്തിലേക്കാണ് ദിവന്നാസ്യോസ് മുൻപറഞ്ഞ നടപടിയുടെ ഭാഗമായി തിരിച്ചിട്ടതും, നീക്കിയതും. ഇതിൽനിന്നും ഇതേവരെ മോചനം ലഭിക്കാതെ അന്ത്യോഖ്യാ അടിമത്വത്തിൽ കഴിഞ്ഞു കൂടുവാനാണ് മലങ്കര സഭയ്ക്ക് സംഗതിയായത് (പേജ് 81).

ഇവർ ആരോപിക്കുന്നതുപോലെ മലങ്കര സഭയെ അന്ത്യോഖ്യായുടെ അടിമത്വത്തിലേക്ക് തള്ളിവിട്ട പുലിക്കോട്ടിൽ തിരുമേനിയെ 'സഭാ തേജസ്' എന്ന ബഹുമതി നൽകി ആദരിച്ച ഓർത്തഡോക്സ് സഭാനേതൃത്വത്തിന്റെ നടപടി തികച്ചും തെറ്റാണല്ലോ. അതുമല്ല, ഇവർ ആരോപിക്കുന്നതുപോലെ ഒരു സഭയെ മൊത്തം അടിമത്വത്തിന്റെ അഗാധഗർത്തതിലേക്ക് തള്ളിയ പുലിക്കോട്ടിൽ തിരുമേനിയെ ആദരിച്ചിരിക്കുന്ന ഓർത്തഡോക്സ് സഭയുടെ നടപടി പ്രസിദ്ധ സാഹിത്യകാരനായിരുന്ന പി. കേശവദേവന്റെ ഭാഷയിൽ പറഞ്ഞാൽ ചവിട്ടുന്ന് കാൽ തലോടുന്ന നാണംക്കേട്ട് പണിയാണല്ലോ. പുലിക്കോട്ടിൽ തിരുമേനി മലങ്കര സഭയെ അന്ത്യോഖ്യാക്ക് പണയപ്പെടുത്തിയെന്ന് ആരോപിക്കുന്ന ഈ ചരിത്രക്കാരന്മാർ അദ്ദേഹത്തെ ആദരിച്ച നടപടിയെ എതിർക്കുകയോ പ്രതിഷേധിക്കുകയോ ചെയ്യാതിരുന്നത് ഇവരുടെ ഭീരുത്വമാണ്. പ. പത്രോസ് പാത്രിയർക്കീസ് ബാവയെ മലങ്കരയിലേക്ക് ക്ഷണിച്ചത് പുലിക്കോട്ടിൽ മെത്രാപ്പോലീത്തയുടെ സ്വന്തം തീരുമാനപ്രകാരം മാത്രമായിരുന്നില്ല. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ പീഡനങ്ങൾ ദിനംപ്രതി ഏറിവരികയും, അതിനെ തടയുവാനുള്ള യാക്കോബായ സഭയുടെ എല്ലാ നടപടികളും പരാജയപ്പെടുകയും ചെയ്തു. ഈ അവസരത്തിൽ യാക്കോബായ സഭയിലെ നേതൃയോഗം പരുമലയിൽകൂടി വിഷയം വിശദമായി ചർച്ച ചെയ്തു. പാലക്കുന്നത്ത് മെത്രാപ്പോലീത്തായുടെ പീഡനങ്ങളിൽനിന്നും യാക്കോബായ സഭയെ രക്ഷിക്കുവാൻ പ. പാത്രിയർക്കീസ് ബാവയുടെ സാന്നിദ്ധ്യം മലങ്കരയിൽ എത്രയും ആവശ്യമാണെന്ന് തീരുമാനിക്കുകയുമുണ്ടായി. പുന്നത്ര മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത തിരുമേനി അന്ത്യോഖ്യായിലേക്ക് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പ. പാത്രിയർക്കീസ് ബാവ അയച്ചതായ മാർ അത്താനാസ്യോസ് അബ്ദുൽ മിശിഹ ബാവ മലങ്കരയിൽ എത്തിയിരുന്നു. മിഷിനറിമാരുടെ സമ്മർദ്ദത്താൽ ഈ ബാവയെ നാടുകടത്തി. തുടർന്ന് പാത്രിയർക്കീസ് ബാവ യൂയാക്കീം മാർ കുറിലോസ് ബാവ, സ്തേപ്പാനോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത എന്നി മെത്രാപ്പോലീത്താമാരെ സ്വാധീനത്തിൽ ബ്രിട്ടീഷ് റസിഡന്റ് ഈ പിതാക്കാന്മാർ തിരുവിതാംകൂറിലും കൊച്ചിയിലും പ്രവേശിക്കുന്നതനെ നിരോധിച്ചു. കൂടാതെ പാലക്കുന്നത്ത് മെത്രാപ്പോലീത്തയ്ക്ക് അനുകൂലമായ ഒരു രജാകീയ വിളംബരം കൂടി ഉണ്ടായി. ഈ സാഹചര്യത്തിലാണ് പരുമലയിൽ നേതൃത്വയോഗം കൂടിയതും പ. പാത്രിയർക്കീസ് ബാവയെ മലങ്കരയിലേക്ക് ക്ഷണിക്കുവാൻ തീരുമാനിച്ചതും.

മലങ്കരസഭയെ സംരക്ഷിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പ. അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത മാത്രമല്ല അപേക്ഷിച്ചിട്ടുള്ളത്. പുന്നത്ര മാർ ദിവന്നാസ്യസോസും, ചേപ്പാട്ട് മാർ ദിവന്നാസ്യോസും ഇതുപോലെ അപേക്ഷകൾ അയച്ചിട്ടുണ്ട്. ഇപ്രകാരം അപേക്ഷകൾ അയച്ചതിനെ സംബന്ധിച്ച് 1846 ലെ കൊല്ലം അവാർഡ് തിരുമാനങ്ങളിൽ കമ്മിറ്റി പരാമർശം ഉണ്ട്. അത് ഇപ്രകാരമാണ് "ഒരു മെത്രാപ്പോലീത്തായെ

# ദീർഘായുസ്സ് ലഭിക്കുവാൻ

**ആനി വി. തോമസ്**

**1. വിഗ്രഹാരാധനയിൽനിന്നും പിന്മാറുക** (ആവർത്തനം 4:25,26,27)

നിങ്ങൾ മക്കളെയും മക്കളുടെ മക്കളെയും ജനിപ്പിച്ചു ദേശത്തു ദീർഘകാലം പാർത്തു വഷളായിത്തീ ർന്നിട്ടു എന്തിന്റെയെങ്കിലും സാദൃശ്യമായ വിഗ്രഹം ഉണ്ടാക്കി നിന്റെ ദൈവമായ കർത്താവിനു അനിഷ്ടമായതു ചെയ്തു അവനെ കോപിപ്പിച്ചാൽ നിങ്ങൽ കൈവശമാക്കുവാൻ യോർദ്ദാൻ കടന്നു ചെല്ലുന്ന ദേശത്തുനിന്നു നിങ്ങൾ വേഗം നശിച്ചുപോകുമെന്നു ഞാൻ ഇന്നു ആകാശത്തെയും ഭൂമിയെയും നിങ്ങൾക്കു വിരോധമായി സാക്ഷിനിർത്തി പറയുന്നു നിങ്ങൾ അവിടെ ദീർഘകാലം ഇരിക്കാതെ നിർമ്മൂലമാകും. ദൈവം നിങ്ങളെ ജാതികളുടെ ഇടയിൽ ചിതറിക്കും. അവൻ നിങ്ങളെ കൊണ്ടുപോയി വർദ്ധിപ്പിക്കുന്ന ജാതികളുടെ ഇടയിൽ നിങ്ങൽ ചുരുക്കം പേരായിശേഷിക്കും.

**2. കല്പനകൾ പ്രമാണിക്കുക** (ആവ. 4:40; 6:2; 11:8,9; 39:46,47) ആവ. 4:40

നിനക്കും നിന്റെ മക്കൾക്കും നന്നായിരിക്കേണ്ടതിനും നിന്റെ ദൈവമായ കർത്താവു നിനക്ക് എന്നേക്കുമായി നൽകുന്ന ദേശത്തു ദീർഘായുസ്സോടിരിക്കേണ്ടതിനും ഞാൻ ഇന്നു നിന്നോടു കല്പിക്കുന്ന അവന്റെ ചട്ടങ്ങളും നിയമങ്ങളും അനുസരിക്കുക.

ആവർത്തനം 32:46,47

ഞാൻ ഇന്നു നിങ്ങളോടു സാക്ഷീകരിക്കുന്ന സർവവചനങ്ങളും മനസ്സിൽ സംഗ്രഹിക്കുവിൻ. നിങ്ങൾ കൈവശമാക്കുവാൻ യോർദ്ദാൻ കടന്നുചെല്ലുന്ന ദേശത്തു നിങ്ങൾക്കു ഇതുമൂലം ദീർഘായുസ്സുണ്ടാകും.

ആവർത്തനം 6:2 അവനെ ഭയപ്പെടേണ്ടതിനും നീ ദീർഘായുസ്സോടിരിപ്പാനുമായി നിങ്ങളുടെ ദൈവമായ ഞാൻ നിങ്ങൾക്ക് ഉപദേശിച്ചുതരുവാൻ കല്പിച്ചിട്ടുള്ള കല്പനകളും വിധികളും ഇവ ആകുന്നു. ഇസ്രായേലെ കേൾക്കുക ദൈവം നമ്മുടെ കർത്താവാകുന്നു. ദൈവം ഏകൻ ആകുന്നു. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കണം.

**3. മാതാപിതാക്കളെ ബഹുമാനിക്കുക** (ആവർത്തനം 5:16; എഫെ. 6:2) ആവർത്തനം 5:16

നിനക്ക് ദീർഘായുസ്സ് ഉണ്ടാകുവാനും നിന്റെ ദൈവമായ കർത്താവ് നിനക്ക് തരുന്ന ദേശത്തു നിനക്കു നന്മയുണ്ടാകുവാനും നിന്റെ ദൈവമായ കർത്താവ് നിന്നോടു കല്പിച്ചതുപോലെ നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക.

---

അയച്ചുതരണമെന്ന് കാണിച്ച് 1825 ന് ശേഷം 11 അപേക്ഷകൾ അയച്ചിട്ടും ഒരുത്തനും വന്നില്ലയെന്നും, തൻനിമിത്തം മലങ്കര ശബ വൈധവ്യാവസ്ഥയിലായി. ആത്മീയ വിഷയത്തിൽ അധോഗതിയെ പ്രാപിച്ചിരിക്കുന്നുവെന്നും, ഇനിയെങ്കിലും ഒരു മെത്രാപ്പോലിത്തായെ അയച്ചു കൊടുക്കാത്ത പക്ഷം സുറിയാനിക്കാർ അപ്പോൾ ചെയ്യുന്ന ലംഘനങ്ങൾക്ക് പാത്രിയർക്കീസ് ന്യായവിധി ദിവസത്തിൽ കണക്ക് കൊടുക്കേണ്ടി വരും.' മലങ്കര സഭയിൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന് ആത്മിയ മേലാധികാരവും അധീശത്വവും പ്രകടമാക്കുന്നതാണ് ഈ പരാമർശം.

പ. അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് അപേക്ഷ അയച്ചതിന് പുലിക്കോട്ടിൽ തിരുമേനിയെ മാത്രം തിരിഞ്ഞ് പിടിച്ച് കുറ്റക്കാരനായി ചിത്രീകരിക്കുന്നതിന്റെ കാരണം വ്യക്തമാകുന്നില്ല. ജോസഫ് ചീരനച്ചൻ സംശയിക്കുന്നത് ഇത് തെക്കർക്ക് വടക്കരോടുള്ള 'നീരസത്തിന്റെ' തുടർച്ചയാണെന്നാണ്.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ നവീകരണവിപത്തിൽ നിന്നും മലങ്കര സഭയെ രക്ഷിച്ച് സത്യവിശ്വാസത്തിൽ നില നിർത്തുവാൻ പുലിക്കോട്ടിൽ തിരുമേനി പത്തുവർഷത്തോളം പരിശ്രമിച്ച് പരാജയപ്പെട്ടിട്ടാണ് പ. പത്രോസ് പാത്രിയർക്കീസ് ബാവയെ മലങ്കരയിലേക്ക് ക്ഷണിച്ചത്. പ. ബാവ മലങ്കരയിലേക്ക് എഴുന്നുള്ളിയത്. വളരെയേറെ ത്യാഗങ്ങൾ സഹിച്ചാണ്. ബ്രിട്ടനിലെ ആർച്ച് ബിഷപ്പിന്റെ എതിർപ്പിനെ മറികടന്നാണ് പ. പിതാവ് മലങ്കരയിലേക്ക് എഴുന്നുള്ളിയത്. ഇംഗ്ലണ്ടിലെത്തി ബാവ ഇൻഡ്യ സെക്രട്ടറി, മറ്റു ഭരണാധികാരികൾ എന്നിവരെ സന്ദർശിച്ച് പ. പിതാവിന് എല്ലാവിധ സഹായങ്ങളും നൽകണമെന്ന് മദ്രാസ് റസിഡന്റിലുള്ള ചില കത്തുകളുമായിട്ടാണ് ഇവിടെ എത്തിയത്. പ. പാത്രിയർക്കീസ് ബാവയുടെ മുടക്കുകൽപന ഉണ്ടായിരുന്നിട്ടും ബ്രിട്ടീഷ് റസിഡന്റിന്റെ സ്വാധീനത്തിൽ തിരുവിതാംകൂർ മഹാരാജാവ് പിൻവലിക്കാൻ തയ്യാറാകാതിരുന്ന പാലക്കുന്നത്ത് മെത്രാപ്പോലീത്തായ്ക്ക് നൽകിയിരുന്ന രാജകീയ വിളംബരം പ. പിതാവിന്റെ ആവശ്യപ്രകാരം പെട്ടെന്ന് പിൻവലിച്ചു. രാജകീയ വിളംബരത്തിന്റെ പിൻബലത്തിലായിരുന്ന പാലക്കുന്നത്ത് മെത്രാപ്പോലീത്ത യാക്കോബായ സഭ പള്ളികളിൽ പ്രവേശിച്ച് നവീകരണവിശ്വാസങ്ങൾ പ്രചരിപ്പിച്ചിരുന്നത്. വിളംബരം പിൻവലിക്കപ്പെട്ടതോടെ അജയ്യനെന്ന് അഹങ്കരിച്ചിരുന്ന പാലക്കുന്നത്ത് മെത്രാപ്പോലീത്ത അശക്തനായി തീർന്നു. ഇതോടെ പുലിക്കോട്ടിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിൽ തടസ്സമില്ലാതെ സഭാഭരണം നിർവഹിച്ചുതുടങ്ങി. പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ അപേക്ഷപ്രകാരം പ. പത്രോസ് പാത്രിയർക്കീസ് ബാവ എഴുന്നുള്ളിയില്ലായിരുന്നുവെങ്കിൽ മലങ്കര സഭയുടെ ചരിത്രം മറ്റൊന്ന് ആകുമായിരുന്നേനെ. യാക്കോബായ സഭയോ ഓർത്തഡോക്സ് സഭയോ ഒന്നും തന്നെ ഉണ്ടാകുമായിരുന്നില്ല. മർത്തോമാ സിംഹാസനത്തിൽ ആരൂഢനാകാനും പറ്റുകയില്ലായിരുന്നു. സത്യവിശ്വാസവും ആരാധനയും ആചാരവും നഷ്ടപ്പെടുമായിരുന്നു.

മലങ്കര സഭയെ നവീകരണവിശ്വാസത്തിൽ നിന്നും രക്ഷിച്ച് സത്യവിശ്വാസത്തിൽ നിലനിറുത്തിയ പ. പത്രോസ് പാത്രിയർക്കീസ് ബാവയെ 'അന്ത്യോഖ്യാ ഭൂതമെന്ന്' പരാമർശിച്ച നടപടി നന്ദികേടും നിന്ദ്യവും സംസ്കാരശൂന്യവും അപലനിയവും മനുഷ്യത്വരഹിതവും തന്നെയാണ്. ●

# അന്ത്യോഖ്യായെ കൃപയുടെ ഉറവയായി കണ്ട ശ്രേഷ്ഠ പിതാവ്

**ഷെവ. പി.കെ. പൗലോസ് കൂരൻ**

അന്ത്യോഖ്യായാണ് കൃപയുടെ ഉറവയെന്ന് വിശ്വസിച്ച് ജീവിച്ച ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വീതിയൻ ബാവയുടെ അന്ത്യവിശ്രമസ്ഥാനം പ. അന്ത്യോഖ്യാ സിംഹാസനത്തിന്റേതായ മലേക്കുരിശ് ദയറയായത് തികച്ചും ദൈവനിയോഗം തന്നെയാണ്. മെത്രാപ്പോലീത്താമാരും ബാവമാരും സാധാരണ രീതിയിൽ കബറടക്കപ്പെടുന്നത് തങ്ങളുടെ ആസ്ഥാനകേന്ദ്രങ്ങളിലാണ്. ശ്രേഷ്ഠ ബാവയും കബറടക്കപ്പെടേണ്ടത് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ, പൗരസ്ത്യ കാതോലിക്ക എന്നീ നിലകളിൽ തന്റെ ആസ്ഥാനമായിരുന്ന മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽ ആയിരുന്നു. എന്നാൽ ഇതിന് വിരുദ്ധമായിട്ടാണ് ശ്രേഷ്ഠ പിതാവിന്റെ കബറടക്കം മലേക്കുരിശയ് ദയറായിൽ നടത്തപ്പെട്ടത്. മൂവാറ്റുപുഴ അരമന പള്ളിയിൽ ശ്രേഷ്ഠ ബാവയുടെ കബറടക്കം നടത്തിയിരുന്നുവെങ്കിൽ പ. അന്ത്യോഖ്യാ സിംഹാസനത്തോടു കൂറുപുലർത്തിയിരുന്ന ശ്രേഷ്ഠ പിതാവിന്റെ കബറിങ്കൽ അന്ത്യോഖ്യാ വിശ്വാസികളായ യാക്കോബായ സഭാമക്കൾക്ക് സ്വാതന്ത്ര്യമായി പ്രാർത്ഥന അർപ്പിക്കുവാനുള്ള അവസരം ലഭിക്കുമായിരുന്നില്ല. അതുകൊണ്ടാണ് ശ്രേഷ്ഠ പിതാവിന്റെ കബറടക്കം അവിടെ നടത്താതെ മലേക്കുരിശ് ദയറയിലാക്കപ്പെട്ടത് ദൈവത്തിന്റെ പദ്ധതിയാണ് എന്ന് പറയുന്നത്.

അന്ത്യോഖ്യായിലെ പ. പത്രോസിന്റെ സിംഹാസനം നമ്മുടെ കർത്താവ് ഏർപ്പെടുത്തി എന്നുതന്നെയാണ് ബാവാ തിരുമേനി വിശേഷിപ്പിക്കുന്നത്. പ. അന്ത്യോഖ്യാ സിംഹാസനമല്ലാതെ, ആത്മീയനൽവരദായക പ്രാപ്തമായ മറ്റ് ഒരു സിംഹാസനവും ഇല്ലായെന്ന സുറിയാനി സഭയുടെ വിശ്വാസത്തിൽ ശ്രേഷ്ഠ പിതാവ് ഉറച്ച് നിന്നിരുന്നു. എന്തെല്ലാം പ്രയാസങ്ങളും പ്രതിസന്ധികളും പ്രതിബന്ധങ്ങളും നേരിടേണ്ടി വന്നാലും പ. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കൂറും വിധേയത്വവും അനുസരണയും ഉപേക്ഷിക്കരുതെന്ന പിതാവ് ജോസഫ് കശ്ശിശ്ശായുടെ ഉപദേശവും, അന്ത്യോഖ്യായെ മറക്കരുതെന്ന ആത്മീയ പിതാവായ പുണ്യശ്ലോകനായ ഏലിയാസ് മാർ യൂലിയോസ് ബാവയുടെ കല്പനയും തന്റെ അന്ത്യം വരെ ശ്രേഷ്ഠ പിതാവ് കാത്തുസൂക്ഷിച്ചു. ശ്രേഷ്ഠ ബാവ തിരുമേനിയുടെ പൗരോഹിത്യ സ്ഥാനങ്ങൾ എല്ലാം പ. അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നു തന്നെയായിരുന്നു. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നുള്ള കൃപയുടെ ഉറവ തടസ്സപ്പെടുത്തുവാൻ താൻ ആരെ യും അനുവദിക്കുകയില്ലായെന്ന് തന്നെയായിരുന്നു ബാവയുടെ ഉറച്ച നിലപാട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ. അന്ത്യോഖ്യാ സിംഹാസനത്തോട് കൂറും വിധേയത്വവും ഇല്ലാത്തവർക്ക് യാക്കോബായ സഭയിൽ സ്ഥാനമില്ലായെന്നും അവർക്ക് സഭ വിട്ടു പോകാമെന്നും വരിക്കോലിയിൽവച്ച് കൂടിയ സഭാമാനേജിംഗ് കമ്മറ്റിയോഗത്തിൽ മെത്രാപ്പോലീത്താമാർ ഉൾപ്പെടെയുള്ളവരോടായി അർത്ഥശങ്കക്ക് ഇടയില്ലാതെ ശ്രേഷ്ഠ പിതാവ് പ്രസ്താവിച്ചത്. പ. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ശ്രേഷ്ഠ ബാവ തിരുമേനിയുടെ അചഞ്ചലമായ കൂറും വിധേയത്വവും അനുസരണയുമാണ് ഇത്

---

**4. ദൈവവഴിയിൽ നടക്കുക** (ആവർത്തനം 5:33)

നിങ്ങൾ ശുഭമായിരിക്കേണ്ടതിനും നിങ്ങൾ കൈവശപ്പെടുത്തുന്ന ദേശത്തു ദീർഘായുസ്സോടിരിക്കാനും നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളോടു കല്പിച്ചിട്ടുള്ള മാർഗ്ഗത്തിലൂടെ നടപ്പിൻ.

**5. ദൈവത്തെ ഭയപ്പെടുക** (ആവർത്തനം 6:2; സദൃശ. 10:27; സദൃശ. 8:13) സദൃശ 10:27 ദൈവഭക്തി ദീർഘായുസ്സു നൽകും. ദുഷ്ടന്റെ സംവത്സരങ്ങളൊ കുറഞ്ഞു പോകും.

**6. താഴ്മയും അനുസരണവും** (ആവർത്തനം 17:20)

അവന്റെ ഹൃദയം സഹോദരന്മാരുടെ മേൽ അഹങ്കരിച്ച് നിഗളിക്കരുത്. അവൻ കല്പനലംഘിച്ചു ഇടത്തോ വലത്തോട്ടോ മാറാതെ ഇരിക്കണം. അവനും അവന്റെ പുത്രന്മാരും ഇസ്രായേലിൽ ദീർഘകാലം രാജ്യഭാരം ചെയ്യേണ്ടതിനായി തന്റെ ആയുഷ്കാലമെല്ലാം അതുവായിക്കുകയും വേണം.

**7. പറവകളോടു കരുണയുണ്ടാവു** (ആവർത്തനം 22:6,7)

മരത്തിലോ വയലിലോ കുഞ്ഞുങ്ങളൊ മുട്ടകളോ ഉള്ള ഒരു പക്ഷിക്കൂട് നീ വഴിയിൽവച്ചു കണ്ടാൽ തള്ള കുഞ്ഞുങ്ങളിന്മേലോ മുട്ടകളിന്മേലോ ഇരിക്കുന്നുവെങ്കിൽ നീ കുഞ്ഞുങ്ങളോടു കൂടെ തള്ളയെ പിടിക്കരുത്. നിനക്ക് ശുഭമായിരിപ്പാനും ദീർഘായുസ്സുണ്ടാകുവാനുമായി തള്ളയെ വിട്ടുകളയണം കുഞ്ഞങ്ങളെ എടുക്കാം.

**8. ദൈവത്തോട് കരുണയുണ്ടാവുക (സ്നേഹം)** (ആവർത്തനം 30:18,19,20) ആവർത്തനം 17–20 എന്നാൽ നീ അനുസരിക്കാതെ നിന്റെ ഹൃദയം തിരിഞ്ഞ് ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നു എന്നതിനു ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷിനിർത്തുന്നു. നീയും നിന്റെ സന്തതിയും ജീവിച്ചിരിക്കേണ്ടതിനും കർത്താവ് നിന്റെ പിതാക്കന്മാരായ അബ്രഹാമിനും ഇസ്ഹാക്കിനും യാക്കോബിനും കൊടുക്കുമെന്നു വാഗ്ദാനം ചെയ്ത ദേശത്തു നീ വസിക്കത്തക്കവണ്ണം നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുകയും അവന്റെ വാക്കു കേട്ടനുസരിക്കുകയും അവനോടു യോജിച്ചിരിക്കയും ചെയ്യേണ്ടതിനും ജീവനെ തെരഞ്ഞെടുത്തുകൊള്ളുക. അതിലാണല്ലോ നിനക്ക് ജീവനും ദീർഘായുസ്സും.

**9. ജ്ഞാനവും വിവേകവും** (സദൃശ. 28:2)

നീതി അറിഞ്ഞിട്ടുള്ള നീതിമാന്മാർ അതിൽ (ദേശത്തിൽ) സുദീർഘമായി വസിക്കും.

**10. ദ്രവ്യാഗ്രഹം വെറുക്കുക** (സദൃശ. 13:16)

ഉത്തമമായ വിവേകം ആനുകൂല്യം സമ്പാദിക്കും. അതിക്രമക്കാരന്റെ വഴിയൊ വിനാശത്തിലേക്ക്.

സദൃശ. 13:11 അന്യായമായി സമ്പാദിച്ച ധനം കുറഞ്ഞു കുറഞ്ഞു പോകും. നീതിയോടെ സമ്പാദിക്കുന്നവന് വർദ്ധിച്ചുവരും. പ്രത്യാശ കൊടുക്കുന്നവനെക്കാൾ സഹായിക്കുന്നവൻ ഉത്തമൻ. ആഗ്രഹനിവൃത്തിയൊ അതൊരു ജീവവൃക്ഷം തന്നെ. വചനത്തെ നിന്ദിക്കുന്നവൻ നാശത്തിൽപെടും വഞ്ചന കരുതുന്നവൻ പ്രതിഫലം പ്രാപിക്കയില്ല. ■

പ്രകടമാക്കുന്നത്.

രാഷ്ട്രീയ നേതാവിന്റെ നയതന്ത്രജ്ഞതയോ നിയമജ്ഞന്മാരുടെ പരിജ്ഞാനമോ ഇല്ലാതിരുന്ന ശ്രേഷ്ഠ പിതാവിന്റെ ജീവിതവിജയം നിഷ്കളങ്കമായ സ്നേഹവും ത്യാഗമനോഭാവവും ആയിരുന്നു. സ്നേഹത്തിന്റെയും എളിമയുടെയും നിറകുടമായിരുന്ന ബാവ തിരുമേനി ആരെയും വിശ്വസിക്കുന്ന ശുദ്ധഹൃദയനായ പിതാവിന് ഇത് ചില നഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്. ലളിതവും സൗമ്യമായ പെരുമാറ്റവുംകൊണ്ട് ശ്രേഷ്ഠ ബാവ എല്ലാവർക്കും ആരാധ്യനായിരുന്നു. അതിഥി സൽക്കാരത്തിൽ ബാവ അദ്വീയൻ തന്നെയായിരുന്നു. സ്വന്തം കൈകൊണ്ട് അതിഥികളെ സൽക്കരിച്ച സംഭവങ്ങൾ വരെയുണ്ട്. പൗരോഹിത്യം സേവനത്തിനും ശുശ്രൂഷക്കും ഉള്ളതാണ് എന്ന് പിതാവ് സ്വന്തം ജീവിതംകൊണ്ട് പഠിപ്പിക്കുകയുണ്ടായി. ശ്രേഷ്ഠ പിതാവിന്റെ പൗരോഹിത്യത്തിലേക്കുള്ള തെരഞ്ഞെടുപ്പ് ദൈവീകം തന്നെയായിരുന്നു. മൂത്തമകനെ വൈദീകവൃത്തിയിലേക്ക് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് പിതാവ് ജോസഫ് കശ്ശീശ്ശ പുണ്യ ശ്ലോകനായ ഏലിയാസ് മാർ യൂലിയോസ് ബാവയെ അറിയിച്ചപ്പോൾ അവനെ വേണ്ട ഇവനെ മതിയെന്ന് കല്പിച്ചുകൊണ്ട് യൂലിയോസ് ബാവ ജോസഫ് അച്ചന്റെ സമീപം നിന്നിരുന്ന 'പൗലോസ് കുട്ടിയുടെ' തലയിൽ കൈവയ്ക്കുകയാണ് ചെയ്തത്. അറിവ് കൊണ്ട് ഉന്നതിയും എളിമ കൊണ്ട് ഉയർച്ചയും നേടിയ മഹത്വ്യക്തിയാമ് പിതാവ്.

ശ്രേഷ്ഠ കാതോലിക്കാ എന്ന വിശേഷണം ബാവ തിരുമേനി ഉപയോഗിച്ചപ്പോൾ, ശ്രേഷ്ഠ കാതോലിക്കാ, പ. കാതോലിക്കായെക്കാൾ താണ സ്ഥാനിയാണ് എന്ന് സ്ഥാപിക്കുവാനായി ഓർത്തഡോക്സു കാതോലിക്ക. പ. മാത്യൂസ് പ്രഥമൻ ബാവ ആ സഭയുടെ നിയുക്താ കാതോലിക്കായുടെ പേര് "ശ്രേഷ്ഠ നിയുക്ത കാതോലിക്ക" എന്ന് പ്രഖ്യാപിക്കുകയും സഭാംഗങ്ങൾ എല്ലാവരും അങ്ങനെ വിളിക്കണമെന്ന് കല്പിക്കുകയും ചെയ്തു. ഇതുകൊണ്ട് ഒന്നും പിതാവ് ശ്രേഷ്ഠ കാതോലിക്കാ എന്ന വിശേഷം മാറ്റുവാൻ തയ്യാറായില്ല. കാതോലിക്ക പാത്രീയർക്കീസിന്റെ കീഴ്സ്ഥാനി തന്നെയാണ് എന്ന് സഭയുടെ പൂർവ്വീക വിശ്വാസത്തിൽ ശ്രേഷ്ഠ ബാവ ഉറച്ച് നിന്നിരുന്നു. ബാവ തിരുമേനിയെക്കുറിച്ച് യുഹാനോൻ മർത്തോമ്മ വലിയ മെത്രാപ്പോലീത്താ നടത്തിയ പരാമർശം ശ്രദ്ധേയമാണ്. "ശ്രേഷ്ഠനെന്ന് വിളിക്കുവാൻ ശ്രേഷ്ഠ കാതോലിക്കാ ബാവയെക്കാൾ യോഗ്യതയുള്ള ഒരു മേൽപ്പട്ടക്കാരനും കേരളത്തിലെ ഒരു ക്രൈസ്തവ വിഭാഗത്തിലും ഉണ്ടെന്ന് തോന്നുന്നില്ല" എന്നായിരുന്നു ആ പരാമർശം. ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ വ്യക്തിമാഹാത്മ്യം ഇതിൽ നിന്നും മനസ്സിലാക്കാം.

മലങ്കര സഭയിൽ ഐക്യവും യോജിപ്പും ഉണ്ടാകണമെന്ന് തന്നെയായിരുന്നു ശ്രേഷ്ഠ ബാവ തിരുമേനിയുടെ എക്കാലത്തെയും നിലപാട്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള യോജിപ്പിനെ ബാവ തയ്യാറായിരുന്നുള്ളു. അതുപോലെ പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയ്ക്ക് പൂർവീകകാലം മുതലെ മലങ്കര സഭയിൽ നിലനിന്നിരുന്നതും സുപ്രീംകോടതി അംഗീകരിച്ചതുമായ അതീശ്വതം അംഗീകരിച്ചുകൊണ്ടുള്ള യോജിപ്പിനെ ശ്രേഷ്ഠ ബാവ അനുകൂലിച്ചിരുന്നുള്ളു. 1958 ലെ യോജിപ്പ് നിലനിർത്തുവാൻ ശ്രേഷ്ഠ പിതാവ് സഹിച്ച അപമാനഭാരം അധികം ആർക്കും അറിയില്ല. യോജിച്ച സഭയുടെ കണ്ടനാട് ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്ത ആയിരുന്ന ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ (ഔഗേൻ കാതോലിക്ക ബാവ) തന്റെ രോഗാവസ്ഥയിൽ സഹായമെത്രാപ്പോലീത്താ ആയ പൗലോസ് മാർ പീലക്സ്ഡീസ് (ശ്രേഷ്ഠ കാതോലിക്ക ബാവ) ശരിയായ സംരക്ഷണം നൽകിയില്ലായെന്ന തെറ്റായ ചില പരാതിയുടെ അടിസ്ഥാനത്തിൽ ദേവലോകം അരമനയിൽവച്ച് പ. ഗിവറുഗ്ഗീസ് ദ്വീതിയൻ കാതോലിക്കാ ബാവ പൗലോസ് മാർ പീലാക്സിനോസ് മെത്രാപ്പോലീത്തായുടെ (ശ്രേഷ്ഠ കാതോലിക്കാ ബാവ) താടിക്ക് പിടിച്ച് പല പ്രാവശ്യം വലിക്കുകയുണ്ടായി. (ഡയോസിഷൻ ബുള്ളറ്റിൻ - മൂവാറ്റുപുഴ) ആറ്റുനോറ്റുണ്ടായ സഭ ഐക്യവും യോജിപ്പും നിലനിറുത്തുവാൻവേണ്ടി തിരുമേനി അപമാനഭാരം സ്വയം സഹിക്കുകയാണ് ചെയ്തത്.

സുറിയാനി ഭാഷയിൽ ബാവ തിരുമേനിക്ക് അഗാധ ഉണ്ടായിരുന്നു. പ. അന്ത്യോഖ്യാ സിംഹാസന പ്രതിനിധി ആയിരുന്ന പുണ്യശ്ലോകനായ ഏലിയാസ് മാർ യൂലിയോസ് ബാവയുടെ സെക്രട്ടറിയായി പ്രവർത്തിച്ചത് വഴിയാണ് ശ്രേഷ്ഠ പിതാവ് സുറിയാനിയിൽ ഇത്ര പ്രാവീണ്യം നേടിയത്. വർഷങ്ങൾക്ക് മുമ്പ് കോട്ടയത്ത് വച്ച് നടത്തിയ ലോകസുറിയാനി സമ്മേളനത്തിൽ പങ്കെടുത്ത് മറ്റ് എല്ലാവരും വിവിധ ഭാഷകളിൽ പ്രബന്ധങ്ങൾ അവതരിച്ചപ്പോൾ ശ്രേഷ്ഠ പിതാവ് പ്രബന്ധം അവതരിപ്പിച്ചതും പ്രസംഗിച്ചതും സുറിയാനിയിൽ തന്നെയായിരുന്നു. ബാവാ തിരുമേനി വി. ഏവൻഗോലിയാൻ വായിച്ചിരുന്നത് സുറിയാനി തക്സാ ഉപയോഗിച്ചാണ്. സുറിയാനി ദൈവഭാഷയാണെന്നും ദൈവം ആദാമിനോട് സംസാരിച്ചതും, നമ്മുടെ കർത്താവ് സംസാരിച്ചിരുന്നതും സുറിയാനി ഭാഷയിലായിരുന്നു എന്നതാണ് ശ്രേഷ്ഠ പിതാവിന് സുറിയാനി ഭാഷയോട് ഇത്ര അഭിനിവേശം.

പ. സക്കാ പ്രഥമൻ ബാവയെ പാത്രീയർക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത പ. ആകമാന സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ചതും, പാത്രീയർക്കാ വാഴ്ച നടത്തിയതും ശ്രേഷ്ഠ പിതാവായിരുന്നു. എക്യുമിനിസത്തിന്റെ ശക്തനായ വക്താവ് ആയിരുന്ന ശ്രേഷ്ഠ പിതാവ് പ. സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവയോട് ഒന്നിച്ച് മാർപാപ്പ ഉൾപ്പെടെ ഒട്ടനവധി സഭതലവന്മാരെ സന്ദർശിച്ചിട്ടുണ്ട്. ഇതുവഴി ഇതര സഭകളുമായിട്ട് ഊഷ്മളബന്ധം സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായി 44 വർഷവും പൗരസ്ത്യ കാതോലിക്കാ ബാവയായി 21 വർഷവും സുത്യർഹസേവനം നടത്തിയ ശ്രേഷ്ഠ പിതാവ് 1996 സെപ്റ്റംബർ ഒന്നിന് കാലം ചെയ്ത് മലേക്കുരിശ് ദയറയിൽ കബറക്കപ്പെട്ടു.

"അന്ത കാലേ ച മാമേവ സ്മരൻ മുക്ത്വ കളേബരം
യഃ പ്രയാതി സമദ്ഭാവം യാതി നാ സ്ത്വത്ര സംശയാഃ"

എന്ന ഒരു ഗീതാവാക്യമുണ്ട്. അവസാന സമയത്ത് ഭഗവത് സ്മരണയോടെ ശരീരം വെടിഞ്ഞുപോകുന്ന ജീവൻ ഭഗവത് ഭാവം തന്നെ പ്രാപിക്കുന്നു എന്നതാണ് ഇതിന്റെ അർത്ഥം. ദൈവവിചാരത്തോടെ മരണപ്പെടുന്നവന് ദൈവഭാവം ലഭിക്കുമെന്ന് സാരം. ശ്രേഷ്ഠ ബാവ തിരുമേനി ദിവ്യബലി അർപ്പിക്കുവാൻ ഒരുങ്ങുമ്പോൾ ആയിരുന്നുവല്ലോ തന്റെ അന്ത്യം. ഇത് ശ്രേഷ്ഠ ബാവയെ ഭാഗ്യസ്മരണനാക്കുന്നു. ശ്രേഷ്ഠ പിതാവിന്റെ പ്രാർത്ഥന നമുക്ക് അനുഗ്രഹമായിരിക്കട്ടെ.

**ധ്യാനപംക്തി**

# സ്ലീബാ പെരുനാൾ (സെപ്റ്റംബർ 14)

**(മത്താ. 24:1–35; മർക്കോ. 13:1–33; ലൂക്കോ. 21:5–28)**

ഈ ദിവസത്തെ സന്ധ്യയുടേയും പ്രഭാതത്തിന്റേയും സുവിശേഷ വായനകൾ ലോകാവസാനത്തെക്കുറിച്ചും കർത്താവിന്റെ രണ്ടാമത്തെ വരവിനേക്കുറിച്ചുമായിരുന്നു. വി. കുർബാനയുടെ ഏവൻഗേലി വായന യരുശലേമിന്റെ നാശത്തെക്കുറിച്ചും ലോകാവസാനത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചുമാണ്.

അവസാനനാളിൽ ജാതി ജാതിയോട് കലഹിക്കാം, യുദ്ധങ്ങളും യുദ്ധഭീതികളും ഭൂമികുലുക്കം ഉണ്ടാകും. കള്ളക്രിസ്തുക്കൾ എഴുന്നേൽക്കും. അവർ പല അടയാളങ്ങൾ കാണിച്ചു പലരേയും തെറ്റിക്കും. ദിവന്നാസ്യോസ് ബർസ്ലീബി ആ നാളുകളേക്കുറിച്ച് പറയുന്നുണ്ട്. ആ നാളുകളിൽ ചിലർ പ്രസവിക്കുന്ന കുട്ടികൾ ജനിച്ച ഉടൻ തന്നെ പ്രായപൂർത്തിയായവരേപ്പോലെ എഴുന്നേറ്റിരുന്നു സംസാരിക്കും. ഇതാ ക്രിസ്തു ഇവിടെ എന്നും അവിടെയെന്നും ആ നാളുകളിൽ വല്ലവരും പറയുന്നതു കേട്ട് നിങ്ങൾ പുറപ്പെടരുത്. കർത്താവിന്റെ വരവ് പരസ്യമായിട്ടായയിരിക്കും ഉണ്ടാകുന്നത്. മിന്നൽ ആകാശത്തിൽ ഒരറ്റം മുതൽ മറ്റേ അറ്റംവരെ കാണപ്പെടുന്നതുപോലെയായിരിക്കും മനുഷ്യൻപുത്രന്റെ വരവും, രഹസ്യമായിട്ടായിരിക്കയില്ല അതിനു മുമ്പായി കർത്താവിന്റെ അടയാളം ആകാശത്തിൽ കാണും എന്നു ഏവൻഗേലയോനിൽ പറഞ്ഞിരിക്കുന്നത് തന്റെ കുരിശടയാളമായിരിക്കുമെന്നാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

കർത്താവിന്റെ വരവിനു മുമ്പായി കള്ളപ്രവാചകന്മാരും കള്ളക്രിസ്തുവും വരും. യരൂശലേം ദേവാലയത്തിൽ അവൻ സിംഹാസനത്തിന്മേൽ ഇരിക്കും. അപ്പോൾ ക്രിസ്തുവിന്റെ പ്രവാചകന്മാർ എഴുന്നേറ്റു അവനോടും അവന്റെ പ്രവാചകന്മാരോടും എതിർക്കും. യഥാർത്ഥ ക്രിസ്തു വന്ന് കള്ളക്രിസ്തുവിനെ നശിപ്പിക്കും.

ആ നാളുകളിൽ തിരഞ്ഞെടുക്കപ്പെട്ടവർ പോലും വഞ്ചിക്കപ്പെടാം, സൂര്യൻ ഇരുണ്ടുപോകും ചന്ദ്രൻ രക്തനിറമാകും, ആകാശത്തിലെ ശക്തികൾ ഇളകി നക്ഷത്രങ്ങൾ പൊഴിയും. മഹാമാരിയുണ്ടാകും. നിങ്ങൾ നാടുവാഴികളുടെ മുമ്പാകെയും അധികാരികളുടെ മുമ്പാകെയും കൂട്ടിക്കൊണ്ടുപോകപ്പെടും. അപ്പോൾ നിങ്ങൾ എന്തു പറയേണ്ട എന്നു വിചാരപ്പെടേണ്ടാ. പറവാനുള്ളത് നിങ്ങൾക്ക് നൽകപ്പെടും.

കർത്താവ് മഹത്വത്തോടുകൂടെ ആകാശമേഘങ്ങളിൽ വരും. തന്റെ ദൂതന്മാരെ അയച്ച് ലോകത്തിന്റെ നാലു ദിക്കുകളിൽ നിന്നും തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെകൂട്ടിച്ചേർക്കും. ആ നാളിൽ പലരും കുന്നുകളേ ഞങ്ങളെ മൂടിക്കൊള്ളുവിൻ മലകളേ ഞങ്ങളെ മറച്ചുകൊൾവീൻ എന്നു പറഞ്ഞുകൊണ്ട് നിലവിളിക്കും, പക്ഷേ അവർക്കു കർത്താവിന്റെ മഹത്വത്തിന്റെ മുമ്പിൽനിന്ന് മറവായിരിക്കാൻ കഴിയുകയില്ലതാനും. ആ സമയത്ത് ആകാശത്തിൽ കുരിശടയാളം കാണപ്പെടുമത്രെ.

കർത്താവിന്റെ കുരിശു കണ്ടെടുത്തതിന്റെ പെരുന്നാളാണ് ഇന്നു നമ്മൾ കൊണ്ടാടുന്നത്. ആകയാൽ കർത്താവിന്റെ ക്രൂശിനെക്കുറിച്ചുള്ള ചരിത്രവും ഐതിഹ്യങ്ങളും ഈ അവസരത്തിൽ നമുക്കു ചിന്താവിഷയമാകണം.

കുസ്തന്തീനോസ് രാജാവ് പുറജാതിക്കാരനായിരുന്നു. അദ്ദേഹം അയൽ രാജാവുമായി യുദ്ധത്തിൽ ഏർപ്പെട്ടു വളരെ വിഷമിച്ചിരിക്കുമ്പോൾ ആകാശത്തിൽ കുരിശിന്റെ അടയാളം കണ്ടു. രാജാവ് കുരിശുണ്ടാക്കി അതു മുന്നിൽ പിടിച്ചു സൈന്യങ്ങളെ അയച്ചു. അവർ ശത്രുക്കളെ ജയിച്ചു. അതു നിമിത്തം അദ്ദേഹം കർത്താവിൽ വിശ്വസിച്ചു മാമോദീസാ മുങ്ങി. അദ്ദേഹത്തിന്റെ കുടുംബം മുഴുവൻ വിശ്വസിച്ച ക്രിസ്ത്യാനികളായിത്തീർന്നു.

രാജാവ് ക്രിസ്ത്യാനി ആയതോടുകൂടി ക്രിസ്തുമാർഗ്ഗം രാജകീയ മതമായി, പരസ്യമായ ദേവാലയങ്ങൾ വയ്ക്കാറായി, പുരോഹിതന്മാർ ബഹുമാന്യരായി രാജതുല്യം അതിലെ മേൽ പട്ടക്കാർക്ക് പദവിയുമുണ്ടായി. രാജാവും ഹേലെനി രാജ്ഞിയും കൂടി കർത്താവിന്റെ കുരിശു എവിടെയാണെന്നന്വേഷണമായി അവർ യരൂശലേമിൽ എത്തി അന്വേഷിച്ചു. അവിടെയുള്ളവർ യൂദാ പേരുള്ള ഒരു വൃദ്ധൻ അവിടെയുണ്ട്. അയാളെ വിളിച്ചു ചോദിച്ചാലറിയാം എന്നു അവരോട് പറഞ്ഞു. അയാളെ രാജാവു വരുത്തി ചോദിച്ചു. അയാൾ പറഞ്ഞത് ഗോഗുൽത്തായിൽനിന്ന് വളരെ അകലമില്ലാത്ത ഒരു ചെളിക്കുളത്തിൽ അത് കിടപ്പുണ്ടായിരിക്കുമെന്നാണ്. ഉടനെ കുസ്തന്തിനോസും ഹേലെനി രാജ്ഞിയും അവിടെ ചെന്നു. ചെളിക്കുളത്തിലിറങ്ങി തപ്പിനോക്കാൻ ജനങ്ങളോടാവശ്യപ്പെട്ടെങ്കിലും ആരും അതിന് സമ്മതിച്ചില്ല.

അപ്പോൾ രാജ്ഞി കുറെ സ്വർണ്ണനാണയളെടുത്ത് ചെളിക്കുണ്ടിലേക്ക് എറിഞ്ഞിട്ട് ആർക്കുവേണമെങ്കിലും എടുത്തുകൊള്ളാം എന്നു പറഞ്ഞു. ഉടനെ ആളുകൾ അതിൽ ചാടി തപ്പുതുടങ്ങി. തപ്പിചെന്ന് അടിയിൽ നിന്ന് മൂന്നു കുരിശുകൾ പുറത്തേക്കെടുത്ത് അതിൽ കർത്താവിനെ തൂക്കിയ കുരിശ് എതാണെന്നറിയാതെ എല്ലാവരും വിഷമിച്ചു. അപ്പോൾ മരിച്ച ഒരാളുടെ ശവം അതുവഴി ചിലർ കൊണ്ടുപോയി. അവർ ആ ശവംകൊണ്ടവരാൻ പറഞ്ഞു. ഓരോ കുരിശും മാറി മാറി ആ ശവത്തിന്റെ മീതെ വച്ചുനോക്കി. അപ്പോൾ അതിൽ ഒരു കുരിശ് മരിച്ചവനെ ജീവിപ്പിച്ചു. അവൻ എഴുന്നേറ്റു നടന്നു.

ജനങ്ങളും രാജാവും സന്തോഷം കൊണ്ടാർപ്പിട്ടു! ആ കുരിശ് കർത്താവിനെ തൂക്കിയ കുരിശാണെന്ന് എല്ലാവർക്കും ബോധ്യമായി. രാജാവ് ഒരു പ്രത്യേക പള്ളി അതിനായി പണിത്. ആ കുരിശ് അതിൽ സ്ഥാപിച്ചു. വളരെ നാൾ അത് അവിടെ സ്ഥിതിചെയ്തു. അനന്തരം ആ കുരിശിന്റെ ഓരോ ഭാഗം ഭക്തജനങ്ങൾ മുറിച്ചും പൊളിച്ചും, നുള്ളിയും കൊണ്ടുപോയി. കുരിശ് തീർന്ന് നഷ്ടപ്പെട്ടുപോയി. ഇപ്പോൾ ഒട്ടും അവിടെയില്ല.

# മണർകാട് പള്ളിയിലെ വി. ദൈവമാതാവിന്റേയും പുത്രൻ തമ്പുരാന്റെയും അനുഗ്രഹം ചൊരിയുന്ന അപൂർവ ചിത്രം



**പോ**ർച്ചുഗീസുകാർ സുഗന്ധദ്രവ്യങ്ങൾ വ്യാപാരം നടത്താൻ ഇന്ത്യയിലേക്ക് ഒരിക്കൽ വന്നപ്പോൾ കൊടുങ്കാറ്റിൽപെട്ടു പായ്ക്കപ്പൽ മുങ്ങാറായി എന്ന് ഐതിഹ്യമുണ്ട്. കാറ്റിൽനിന്നു രക്ഷപ്പെടുന്നതിനു മാതാവിന്റെ നാമത്തിലുള്ള സ്വർണരൂപം മാതാവിന്റെ പള്ളിയിൽ കൊടുക്കാമെന്നു നിശ്ചയിച്ചു. അത്ഭുതമെന്നപോലെ കൊടുങ്കാറ്റ് ശമിച്ചു.

കേരളത്തിലെത്തിയ ഇവർ മാതാവിന്റെ നാമത്തിലുള്ള പള്ളി അന്വേഷിച്ചു. ഈ സ്വർണരൂപം മണർകാട് പള്ളിയിൽ ഏൽപ്പിച്ചു. ഇതോടുകൂടി മാതാവിന്റെ പള്ളിയുടെ ചൈതന്യം വർധിക്കുകയും അനുഗ്രഹത്തിന്റെ ഉറവിടമായി പ്രസിദ്ധിയേറുകയും ചെയ്തു. കാലക്രമത്തിൽ സ്വർണരൂപം നഷ്ടപ്പെട്ടുവെങ്കിലും മാതാവിന്റെ അനുഗ്രഹത്തിനു കുറവുണ്ടായില്ല.

പിന്നീടു വികാരിയായിരുന്ന വെട്ടിക്കുന്നേൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പ, സഹവികാരി വേങ്കടത്ത് ജോസഫ് കത്തനാർ, പള്ളി ഭരണസമിതി അംഗങ്ങൾ, ഇടവക ജനങ്ങൾ എന്നിവരുടെ പൂർണ അറിവോടും സമ്മത്തോടുംകൂടി പരിശുദ്ധ അമ്മയുടെയും ഉണ്ണിയേശുവിന്റെയും പൂർണ ഛായാചിത്രം ഭക്തജനങ്ങൾക്കു മാതാവിന്റെ ജനനപ്പെരുനാൾ ദിവസം ദർശനത്തിനു വയ്ക്കുന്നതിനു തീരുമാനിച്ചു. ഇതനുസരിച്ചു ഛായാചിത്രത്തിന്റെ ചുമതല സഹവികാരി വേങ്കടത്ത് അച്ചനെ ഏൽപ്പിച്ചു. ജർമനിയിൽനിന്നാണ് പ്രസിദ്ധമായ ഈ ചിത്രം എത്തിച്ചതെന്നു വിശ്വസിക്കുന്നു.

മാതാവിന്റെ ജനനപ്പെരുനാളിനു മുമ്പായി വികാരി, സഹവികാരി, പള്ളി ഭരണസമിതി അംഗങ്ങൾ, ഇടവക ജനങ്ങൾ തുടങ്ങിയ വലിയ ജനാവലിയുടെ സാന്നിധ്യത്തിൽ പ്രത്യേക പ്രാർഥനകൾ നടത്തി പ്രധാന ത്രോണോസിൽ ചിത്രം സ്ഥാപിച്ചു. അതിനുശേഷം മാതാവിന്റെ ജനനപ്പെരുന്നാൾ ദിനത്തിനു തലേന്ന് ഉച്ചനമസ്കാരത്തോടെ പ്രത്യേക പ്രാർഥനകൾ നടത്തി ആണ്ടിലൊരിക്കൽ ഭക്തജനങ്ങൾക്കു ദർശനത്തിനായി നട തുറന്നു നൽകുന്നു.

വിശ്വാസികളുടെ നയനങ്ങളിൽ അനുഗ്രഹപ്രഭ ചൊരിഞ്ഞു മണർകാട് പള്ളിയിൽ നട തുറന്നു. വിശുദ്ധ ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെ യും പ്രസിദ്ധമായ ഛായാചിത്രം ദർശിക്കാൻ കാത്തുനിന്ന പതിനായിരങ്ങൾക്ക് അനുഗ്രഹ നിർവൃതി.

എട്ടുനോമ്പ് പെരുനാളിനോടനുബന്ധിച്ചു നടന്ന ചരിത്രപ്രസിദ്ധമായ നടതുറക്കൽ പള്ളിയെ ജനസാഗരമാക്കി മാറ്റി. നടതുറക്കൽ ചടങ്ങ് ദർശിക്കാൻ പുലർച്ചെതന്നെ ഭക്തർ പള്ളിക്കുള്ളിൽ സ്ഥാനം പിടിച്ചു. രാവിലെ നടന്ന മൂന്നിന്മേൽ കുർബാനയ്ക്ക് ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ മുഖ്യകാർമികത്വം വഹിച്ചു.

പ്രാർഥനാപൂർവമുള്ള കാത്തിരിപ്പായിരുന്നു പിന്നീട്. മധ്യാഹ്ന പ്രാർഥനയ്ക്കു മുമ്പായി മദ്ബഹയ്ക്കു മുന്നിലെ തിരിശീല വീണു. ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ വൈദിക ശ്രേഷ്ഠർ പള്ളിക്കുള്ളിൽ പ്രവേശിച്ചു. 'പരിശുദ്ധ കന്യകാമറിയമേ അമ്മേ... പ്രാർഥിക്കണമേ ഞങ്ങൾക്കായി' എന്ന പ്രാർഥനകൾ വിശ്വാസികൾ ഏറ്റു ചൊല്ലിക്കൊണ്ടിരുന്നു. പ്രാർഥനകൾക്കിടെ മദ്ബഹായുടെ തിരിശീല മാറിത്തുടങ്ങിയതോടെ ഭക്തജനമനസുകളുടെ കണ്ഠങ്ങളിൽനിന്ന് ഒരേ സ്വരത്തിൽ 'അമ്മേ' എന്ന വിളിമാത്രം ഉയർന്നു കേട്ടു.

പ്രദക്ഷിണം ആശിർവാദം തുടർന്നു നേർച്ച വിളമ്പോടുകൂടി പെരുനാൾ ചടങ്ങുകൾ സമാപിച്ചു. 14 നു വൈകിട്ടു സന്ധ്യാപ്രാർഥനയ്ക്കു ശേഷം നട അടയ്ക്കും.

വികാരി ഇ.ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ കിഴക്കേടത്ത്, കുര്യാക്കോസ് കോർ എപ്പിസ്കോപ്പ കറുകയിൽ, ആൻഡ്രൂസ് ചിരവത്തറ കോറെപ്പിസ്കോപ്പ, ഫാ. കുര്യാക്കോസ് കാലായിൽ, ഫാ. മാത്യൂസ് വടക്കേടത്ത്, ഫാ. ജെ. മാത്യൂസ് മണവത്ത്, ഫാ. എ. ഐ. തോമസ് മറ്റത്തിൽ, ട്രസ്റ്റിമാരായ ജോർജ് മാത്യു, ജേക്കബ് ടി, മോസസ്, പ്രിൻസ് ഏലിയാസ്, സെക്രട്ടറി റെജി തണ്ടാശേരിൽ തുടങ്ങിയവർ ചടങ്ങുകൾക്കു നേതൃത്വം നൽകി.



ശ്രേഷ്ഠ ബസേലിയോസ് പൗലോസ്
ദ്വിതീയൻ കതോലിക്ക ബാവയുടെ
ദുഖ്റോനോ സെപ്റ്റംബർ ഒന്നിന്
മലേകുരിശിൽ ആഘോഷിച്ചു.

**BOOK POST**

To

Sri/Smt. ............................................

............................................

............................................

............................................

**Printed Matter**

If undelivered please return to

Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthly
Tiruvalla P.O., PTA Dist.,
Kerala, S. India

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor: Chev. K.J. Abraham Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexandar Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website:www.yakkoobyan.org